2015 ജൂലൈ 10
വാല്യം 08
ലക്കം 13

# ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:12

# ഇന്ത്യയിൽ ചർച്ച് ഓഫ് ഗോഡ് നേതൃത്വത്തിൽ സമൂല അഴിച്ചുപണി



ചർച്ച് ഓഫ് ഗോഡ് ജനറൽ ബോഡി മീറ്റിംഗിൽ റവ. കെൻ ആൻഡേഴ്സൺ പ്രസംഗിക്കുന്നു

**ചെന്നൈ:** ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡ് നേതൃത്വത്തിന്റെ സമഗ്രമായ പുനഃസംഘടനയ്ക്ക് വേൾഡ് മിഷൻ തയ്യാറാകുന്നു. ഇതോടെ കഴിഞ്ഞ രണ്ട് ദശാബ്ദക്കാലമായി ചർച്ച് ഓഫ് ഗോഡിന്റെ നേതൃത്വത്തിൽ താക്കോൽ സ്ഥാനങ്ങൾ വഹിച്ചുകൊണ്ടിരുന്നവർക്ക് സ്ഥാനചലനം ഉണ്ടാകുമെന്ന് ഉറപ്പായി. ചെന്നൈയിൽ നടന്ന ചർച്ച് ഓഫ് ഗോഡിന്റെ ദേശീയ ഗവേണിംഗ് ബോഡിയിലാണ് തീരുമാനം. ഫീൽഡ് ഡയറക്ടർ റവ. കെൻ ആൻഡേഴ്സൺ, എഷ്യൻ മിഷനറി റവ. ഡെന്നിസ് ഹെപ്നർ എന്നിവർ പങ്കെടുത്ത സമ്മേളനത്തിൽ ഇന്ത്യയിലെ ഓവർസീയർമാരും ഗവേണിംഗ് ബോഡി അംഗങ്ങളും പങ്കെടുത്തു.

ചെന്നൈയിൽ നടന്ന ഗവേണിംഗ് ബോഡിയിലും ജനറൽ ബോഡിയിലും സുപ്രധാന തീരുമാനങ്ങളാണ് കൈക്കൊണ്ടത്. രണ്ട് ടേം അഥവാ നാല് വർഷം പൂർത്തിയാക്കിയ ഓവർസീയർമാർ അധികാരത്തിൽ തുടരണമെങ്കിൽ 66% വോട്ട് നേടിയിരിക്കണം. നാല് ടേം അഥവാ എട്ട് വർഷം പൂർത്തിയാക്കിയ ഓവർസീയർമാർ അധികാരസ്ഥാനത്ത് തുടരണമെങ്കിൽ 75% വോട്ട് നേടിയിരിക്കണം. 2016ൽ നടക്കുന്ന പ്രിഫറൻസ് ബാലറ്റിൽ ഓവർസീയർമാർ വിശ്വാസ വോട്ട് നേടിയിരിക്കണം. ശുശ്രൂഷകന്മാരുടെ പിന്തുണ ലഭിക്കാത്ത ഓവർസീയർമാർ മാറേണ്ടിവരും. ഇതോടെ ഓവർസീയർ ഇലക്ഷനുള്ള കളമൊരുങ്ങും.

ഈ തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിലുടനീളം അടിമുടി അഴിച്ചുപണി ഉണ്ടാകും. വിവാദങ്ങളിൽപെട്ട് പ്രതിച്ഛായ നഷ്ടപ്പെട്ട ഓവർസീയർമാർക്ക് 66%/75% എന്ന മാജിക് നമ്പർ കടമ്പ കടക്കുക ദുഷ്ക്കരമായിരിക്കും. ഇന്ത്യയിൽ ആകമാനം പുതിയ ഓവർസീയർമാർ അടുത്ത വർഷം നിലവിൽ വരാനുള്ള സാദ്ധ്യത വർദ്ധിച്ചു. മാത്രമല്ല എല്ലാ മൂന്നു മാസം കഴിയുമ്പോൾ ഫിനാൻസ് സ്റ്റേറ്റ്മെന്റ് കൗൺസിലിൽ അവതരിപ്പിച്ച് പാസ്സാക്കണമെന്നും കൗൺസിൽ അറിയാതെ ഓവർസീയർമാർ സാമ്പത്തികം ചെലവാക്കാൻ പാടില്ലെന്നും ഗവേണിംഗ് ബോഡിയിൽ തീരുമാനമുണ്ടായി. കൗൺസിലിന്റെ പേര് ബോർഡ് ഓഫ് കൗൺസിൽ എന്നാക്കി മാറ്റി. കൗൺസിലിന് കൂടുതൽ ഭരണപരമായ അധികാരങ്ങൾ നൽകാൻ തീരുമാനമുണ്ടായതായി അറിയുന്നു. ആന്ധ്രാ ഓവർസീയർ റവ. ജ്യോതികുമാർ റെഡ്ഡിയാണ് പുതിയ ഗവേണിംഗ് ബോഡി ചെയർമാൻ. തമിഴ്നാട് ഓവർസീയർ റവ. ജ്ഞാനദാസ് ആണ് സെക്രട്ടറി.

ഭരതത്തിലെ ചർച്ച് ഓഫ് ഗോഡിന്റെ മുന്നേറ്റത്തിനും സഭാവളർച്ചയ്ക്കും ഭാവനാപൂർണ്ണമായ പദ്ധതികൾ നടപ്പാക്കാനായി ഘടനാപരമായ അഴിച്ചുപണിക്ക് അന്തർദ്ദേശീയ നേതൃത്വം തയ്യാറെടുക്കുന്നതായി റിപ്പോർട്ടുണ്ട്.



റവ. കെ. എം. തങ്കച്ചൻ



റവ. പി. ജെ. ജെയിംസ്



റവ. ജ്യോതികുമാർ റെഡ്ഡി



റവ. ജ്ഞാനദാസ്



റവ. രാജു തോമസ്



റവ. ജോസഫ് മാത്യു



റവ. എബനേസർ ജോർജ്ജ്



റവ. ജോസഫ് റ്റി. സാം





ചർച്ച് ഓഫ് ഗോഡ് ഇന്ത്യ ഗവേണിംഗ് ബോഡി അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ വൈ. റെജിയും പാസ്റ്റർ ജോസ് ബേബിയും

## ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇന്ത്യയ്ക്ക് പുതിയ ഭാരവാഹികൾ



പാസ്റ്റർ പി. ജി. മാത്യൂസ്
പ്രസിഡന്റ്



പാസ്റ്റർ സാംകുട്ടി മാത്യു
ജനറൽ സെക്രട്ടറി



പാസ്റ്റർ ഷിബു കെ. മാത്യു
ട്രഷറർ

**മുളക്കുഴ:** ദൈവസഭയിലെ എഴുത്തുകാരുടെയും പത്രാധിപന്മാരുടെയും പ്രസാധകരുടെയും സാഹിത്യസ്നേഹികളുടെയും കൂട്ടായ്മയായ ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇന്ത്യയുടെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. തിരുവല്ലയിൽ നടന്ന വാർഷിക ജനറൽ ബോഡിയിലാണ് തെരഞ്ഞെടുപ്പു നടന്നത്. 2009 ജൂലൈയിൽ അമേരിക്കൻ ഐക്യനാടുകളിലെ ഫിലെദൽഫ്യയിൽ നടന്ന ചർച്ച് ഓഫ് ഗോഡ് മലയാളി കോൺഫറൻസിനോട് അനുബന്ധിച്ച് രൂപീകൃതമായ കൂട്ടായ്മയാണ് ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇന്ത്യ. 2009 നവംബർ 24-ാം തീയതി മുളക്കുഴ സീയോൻകുന്നിൽ ഈ കൂട്ടായ്മയുടെ ഇന്ത്യൻ ചാപ്റ്റർ രൂപീകരണം നടന്നു.

രക്ഷാധികാരി - സുവി. പി. ഐ. എബ്രഹാം (കാനം അച്ചൻ), പ്രസിഡന്റ് - പാസ്റ്റർ പി. ജി. മാത്യൂസ്, ജനറൽ സെക്രട്ടറി - പാസ്റ്റർ സാംകുട്ടി മാത്യു, ട്രഷറർ - പാസ്റ്റർ ഷിബു കെ. മാത്യു എന്നിവരെയും വൈസ് പ്രസിഡന്റുമാരായി പാസ്റ്റർ ജെ. ജോസഫ്, പാസ്റ്റർ സണ്ണി വർക്കി, പാസ്റ്റർ പി. പി. കുര്യൻ, സെക്രട്ടറിമാരായി പാസ്റ്റർ ജെയ്സ് പാണ്ടനാട്, പാസ്റ്റർ കെ. സി. സണ്ണിക്കുട്ടി, പ്രൊഫ. എം. കെ. ശമുവേൽ, നാഷണൽ കോർഡിനേറ്ററായി പാസ്റ്റർ കെ. എ. ഉമ്മൻ എന്നിവരെയും തെരഞ്ഞെടുത്തു. കമ്മറ്റി അംഗങ്ങളായി പാസ്റ്റേഴ്സ് ബിജു ചാക്കോ, കെ. കെ. സജി, സാബു കൊച്ചുമ്മൻ, സുഭാഷ് ആനാരി, ബ്രദർ അജി കുളങ്ങര, ഇവാ. ജയ്മോഹൻ അതിരുങ്കൽ, റെനാൾഡ് സണ്ണി, സിസ്റ്റർ ലിസിയാമ്മ മാത്യൂസ്, സിസ്റ്റർ റെജീന ഫിലിപ്പ് എന്നിവരെയും പി. ആർ ഒ. ആയി പാസ്റ്റർ റെന്നി ഇടപ്പറമ്പിലിനെയും ഫെലോഷിപ്പിന്റെ മുഖപത്രമായ ഗോസ്പൽ എക്കോസിന്റെ എഡിറ്ററായി പാസ്റ്റർ ഷൈജു തോമസിനെയും തെരഞ്ഞെടുത്തു. പ്രൊഫ. എം. കെ. ശമുവേൽ ഇലക്ഷൻ കമ്മീഷണറായി പ്രവർത്തിച്ചു.

## സാക്ഷി



അരുവിക്കരയിൽ LDF തോൽക്കാൻ കാരണം എന്താണ്?

*UDF സ്ഥാനാർത്ഥിക്ക് വോട്ട് കൂടുതൽ കിട്ടിയതാണ് കാരണം*

## ഐ.പി.സി ഫാമിലി കോൺഫറൻസ്

### ജൂലൈ 16 – 19 വരെ ഒക്കലഹോമയിൽ



പാസ്റ്റർ അലക്സ് വെട്ടിക്കൽ
നാഷണൽ കൺവീനർ



ജോയി തുമ്പമൺ
നാഷണൽ സെക്രട്ടറി



ശമുവേൽ യോഹന്നാൻ
നാഷണൽ ട്രഷറർ



സോഫി വർഗീസ്
നാഷണൽ ലേഡീസ് കോർഡിനേറ്റർ



വെസ്‌ലി ആലുംമൂട്ടിൽ
നാഷണൽ യൂത്ത് കോർഡിനേറ്റർ

**നോ**ർത്തമേരിക്കയിലെ ഐ.പി.സി കുടുംബങ്ങളുടെ ആത്മീക സമ്മേളനമായ ഐ.പി.സി ഫാമിലി കോൺഫ്രൻസ് ജൂലൈ 16 - 19 വരെ ഒക്കലഹോമയിൽ നടക്കും. പ്രശാന്തസുന്ദരമായ നോർമൻ പട്ടണത്തിൽ വെച്ചാണ് ഈ വർഷത്തെ കോൺഫറൻസ് നടക്കുക. എംബസ്സി സ്യൂട്ട് ഹോട്ടലിലെ വിശാലമായ ആഡിറ്റോറിയം ഇതിനായി തയ്യാറായിക്കഴിഞ്ഞു. നോർത്തമേരിക്കയിലെ മികച്ച ഹോട്ടലുകളിൽ ഒന്നായ എംബസ്സി സ്യൂട്ടിലെ താമസവും ആഹാരക്രമീകരണങ്ങളും എല്ലാവർക്കും ഒരു അവിസ്മരണീയ അനുഭവമായിരിക്കും. നിരവധി കോൺഫറൻസുകൾക്ക് ആതിഥേയത്വം കൊടുത്തിട്ടുള്ളവരാണ് ഒക്കലഹോമയിലുള്ള ദൈവജനങ്ങൾ. ഇത് രണ്ടാമത്തെ പ്രാവശ്യമാണ് ഒക്കലഹോമയിൽ ഐപിസി കോൺഫറൻസ് നടക്കുന്നത്. കോൺഫറൻസ് വൻ വിജയമാക്കുന്നതിന് നാഷണൽ, ലോക്കൽ കമ്മറ്റികൾ സജീവമായി പ്രവർത്തിച്ചുവരുന്നു.

ലോകപ്രശസ്തരും അനുഗ്രഹീതരുമായ പ്രസംഗകരാണ് ഇക്കുറി എത്തിച്ചേരുന്നത്. ലോകപ്രശസ്ത സുവിശേഷകനായ പാസ്റ്റർ പ്രതാപ് സിംഗാണ് പ്രധാന പ്രസംഗകനായി എത്തുന്നത്. ഇദ്ദേഹത്തിന്റെ ശുശ്രൂഷ

04

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in



**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ





# പെന്തെക്കോസ്തുകാർക്ക് രാഷ്ട്രീയം വേണോ?



**ബ്രദർ രാജൻ ആര്യപ്പള്ളിൽ**
**ചെയർമാൻ**

പെന്തെക്കോസ്തുകാർ രാഷ്ട്രീയത്തിൽ ഇടപെടുന്നത് ശരിയാണോ എന്ന ചോദ്യം പലപ്പോഴും ഉയരാറുണ്ട്. ഇവിടെ അമേരിക്കൻ ഐക്യനാട്ടിൽ രാഷ്ട്രീയ പാർട്ടികളിൽ ചുമതല വഹിക്കുന്ന ധാരാളം പാസ്റ്റർമാരും വിശ്വാസികളും ഉണ്ട്. എന്നാൽ ഇന്ത്യയിലെ പെന്തെക്കോസ്തുകാർ രാഷ്ട്രീയ പാർട്ടികളിൽ നിന്നുമൊക്കെ അകലം പാലിക്കുന്നവരായിരുന്നു. വർഷങ്ങൾക്കുമുമ്പുവരെ രാഷ്ട്രീയക്കാർക്കും പെന്തെക്കോസ്തുകാരോട് വലിയ താൽപര്യം ഒന്നുമില്ലായിരുന്നു. കാരണം സമൂഹത്തിൽ അത്രകണ്ട് ഒരു ശക്തിയായിരുന്നില്ല. എന്നാൽ കാലങ്ങൾ മാറി പല നിയോജക മണ്ഡലങ്ങളിലും ജയപരാജയങ്ങളെ നിശ്ചയിക്കുന്നതിൽ പെന്തെക്കോസ്തുകാർ നിർണ്ണായക ഘടകമായി മാറിയിരിക്കുന്നു. മറ്റ് ഏതൊരു ക്രൈസ്തവ സഭകളെക്കാളും വൈവിധ്യത പെന്തെക്കോസ്തിനുണ്ട്. ദളിത്, പിന്നോക്ക, ആദിവാസി, മുന്നോക്ക വിഭാഗങ്ങളെല്ലാം ഇന്ന് പെന്തെക്കോസ്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. ചില മണ്ഡലങ്ങളിൽ മറ്റ് ക്രൈസ്തവ വിഭാഗങ്ങളേക്കാൾ മുമ്പിൽ പെന്തെക്കോസ്തുകാർ എത്തിക്കഴിഞ്ഞു. അതുകൊണ്ട് തന്നെ രാഷ്ട്രീയക്കാർ പെന്തെക്കോസ്തുകാരെ തേടിവരുന്നത് പതിവായിരിക്കുന്നു. ഭിന്നിച്ചു നിൽക്കുന്ന പെന്തെക്കോസ്തുകാരെ രാഷ്ട്രീയക്കാർ വിദഗ്ദമായി ഉപയോഗിക്കുകയും കാര്യം കഴിയുമ്പോൾ കറിവേപ്പില പോലെ തള്ളിക്കളയുകയുമാണ്.

പെന്തെക്കോസ്ത് സഭാംഗങ്ങൾ രാഷ്ട്രീയപ്രവർത്തനത്തിൽ സജീവമായി പങ്കാളിത്തം വഹിക്കുന്നുണ്ട്. ചിലരൊക്കെ ചില പദവികളിൽ എത്തിയിട്ടുമുണ്ട്. കേരളത്തിലെ കെ. എസ്. യു. പ്രസിഡന്റ് പെന്തെക്കോസ്തുകാരനാണല്ലോ. തങ്ങളുടെ മാന്യതയും ആത്മീയതയും കാത്തുസൂക്ഷിച്ചുകൊണ്ട് രാഷ്ട്രീയപ്രവർത്തനം നടത്തുന്നതിൽ തെറ്റുണ്ടെന്ന് ഞാൻ കരുതുന്നില്ല. ക്രൈസ്തവ മൂല്യം നഷ്ടപ്പെടുത്താതെയും ക്രിസ്തീയ സാക്ഷ്യം നിലനിർത്തിയും പ്രവർത്തിച്ചാൽ അതിലൂടെ ദൈവനാമം മഹത്വപ്പെടുത്തുവാൻ കഴിയും.

എന്നാൽ എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ ശുശ്രൂഷകന്മാർ ഇത്തരം കാര്യങ്ങളിൽ നിന്ന് അകന്നു നിൽക്കുന്നതു തന്നെയാണ് നല്ലത്. നമ്മുടെ ആത്മീയ കീഴ്വഴക്കങ്ങൾ അനുസരിച്ച് മുമ്പോട്ട് പോകുന്നതാണ് ശുശ്രൂഷകർക്ക് നല്ലത്. രാഷ്ട്രീയത്തെക്കുറിച്ച് വ്യക്തമായ നിലപാടും അഭിപ്രായവും എല്ലാവർക്കും ഉണ്ടാകും. എന്നാൽ ഒരു ശുശ്രൂഷകൻ ശുശ്രൂഷയിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കുകയും രാഷ്ട്രീയത്തിൽ നിന്ന് അകന്ന് നിൽക്കുകയും ചെയ്യുന്നതാണ് നല്ലത്. ഇന്ത്യൻ ജനാധിപത്യ സംവിധാനത്തിൽ മതം രാഷ്ട്രീയത്തിൽ കൈകടത്തുന്നതാണ് അപകടമായി മാറിയിരിക്കുന്നത്.

ദുഃഖകരം എന്നു പറയട്ടെ. കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഇവിടെ ചില ശുശ്രൂഷകർ നടത്തുന്ന തരംതാണ രാഷ്ട്രീയക്കളികളും വോട്ടുകച്ചവടവും പൊതു ജനമുമ്പിൽ പെന്തെക്കോസ്തിനെ അവഹേളന വിഷയമാക്കിയിരിക്കുന്നു. പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെ നേതാക്കന്മാർ രാഷ്ട്രീയ നിലപാടുകൾ വിശദമാക്കിയാൽ അത് മനസ്സിലാക്കാം. എന്നാൽ ചില ഉപദേശിമാർ തങ്ങൾ പെന്തെക്കോസ്തിന്റെ വക്താക്കളാണെന്ന പേരിൽ രാഷ്ട്രീയക്കാരെ സമീപിക്കുകയും അവർക്കായി തെരഞ്ഞെടുപ്പിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. ഇടതുപക്ഷത്തിനുവേണ്ടിയും വലതുപക്ഷത്തിനുവേണ്ടിയും എല്ലാം ഇക്കൂട്ടർ പ്രവർത്തിക്കുകയാണ്. വ്യക്തിപരമായ നേട്ടത്തിനും ലാഭത്തിനും വേണ്ടി ഇവർ പ്രവർത്തിക്കുമ്പോൾ ഒരു സമൂഹത്തെ മുഴുവനും ഒറ്റിക്കൊടുക്കുകയാണ്. രാഷ്ട്രീയക്കാരുടെ പിണിയാളുകളായി മാറുന്ന സഭാശുശ്രൂഷകരെ ഈ സമൂഹം ഒറ്റപ്പെടുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സുവിശേഷപ്രവർത്തനത്തിന് താൽപര്യം കാട്ടാത്തവർ ദിവസങ്ങളും ആഴ്ചകളും ആര്യനാട്ട് ക്യാമ്പ് ചെയ്ത് വോട്ട് പിടിച്ചത് എത്ര അപഹാസ്യമാണ്.

എല്ലാവർക്കും രാഷ്ട്രീയ കാഴ്ചപ്പാടും അഭിപ്രായവുമുണ്ട്. പക്ഷെ അത് വ്യക്തിപരമാണ്. നമ്മുടെ ദർശനവും വിളിയും വ്യത്യാസമാണെന്ന് നാം മറക്കരുത്. രാഷ്ട്രീയപാർട്ടികൾ മാറിമാറി ഭരിക്കും. ഒരു പാർട്ടിയുടെയും അനുയായികളായി നാം അറിയപ്പെടേണ്ട കാര്യമില്ല. പ്രശ്നാധിഷ്ഠിത പിന്തുണയും സമദൂരവുമാണ് എപ്പോഴും നല്ലത്. ശുശ്രൂഷകർ ആസ്ഥാനത്തിന്റെ മാന്യത കാത്തുസൂക്ഷിക്കുന്നതല്ലേ അഭികാമ്യം. നാം ആരെന്ന് നാം മറക്കാതിരിക്കുക.

## യുവജന പംക്തി

# ചിന്തകൾകൊണ്ട് ജീവിത വിജയം



**ബിനു ജോസഫ്**
**വടശ്ശേരിക്കര**



പ്രായഭേദമില്ലാതെ മനുഷ്യൻ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നമാണ് അനിയന്ത്രിതമായ ചിന്തകൾ. എട്ടു വയസ്സുള്ളപ്പോൾ മുതൽ ചിന്തകളുടെ ലോകത്തേക്ക് കയറി കഴിഞ്ഞു. തെറ്റായ ചിന്തകൾ, പ്രത്യേകിച്ച് ലൈംഗിക ചിന്തകൾ മനുഷ്യനെ അലട്ടിക്കൊണ്ടിരിക്കുന്ന ഗൗരവമായ പ്രശ്നമാണ്. കൗമാരപ്രായക്കാരിൽ ഇതിന്റെ പ്രത്യാഘാതങ്ങൾ വളരെ കൂടുതലായിരിക്കുന്നു. ചിന്തകൾ മനുഷ്യന്റെ ഉള്ളിൽ ഉരുത്തിരിയുന്ന ആശയങ്ങൾ ആകയാൽ ആരുടെയും ചിന്തകളെ നമുക്കു പെട്ടെന്നു മനസ്സിലാക്കാൻ കഴികയില്ല. നിങ്ങളുടെ ഒരു ദിവസത്തെ ചിന്തകൾ ദൃശ്യവത്ക്കരിച്ചാൽ എന്താകും സ്ഥിതി? നിങ്ങളുടെ ചിന്തകളെ മറ്റുള്ളവർ അറിഞ്ഞാൽ എന്തായിരിക്കും സമൂഹം തരുന്ന അംഗീകാരം?

തെറ്റായ ചിന്തകൾ പ്രവർത്തിപഥത്തിലാക്കിയിട്ടു കുറ്റബോധത്തിൽ ജീവിക്കുന്നവർ അനേകരാണ്. വിഹിതല്ലാത്ത ലൈംഗിക ചിന്തകൾ ശരിയാണോ തെറ്റാണോ എന്ന സംശയം പലർക്കും ഉണ്ട്. ദൈവവചനം പറയുന്നു: "മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു" (യാക്കോബ് 1:5). മോഹം എന്നാൽ ആഗ്രഹം എന്നർത്ഥം. നമ്മുടെ മനസ്സിലെ ആഗ്രഹങ്ങളാണ് ചിന്തകളായി രൂപപ്പെടുന്നത്. ഈ ചിന്തകൾ പ്രവർത്തിയായി മാറുമ്പോൾ അതു ഫലം പുറപ്പെടുവിക്കുന്നു. ദൈവഹിതമല്ലാത്ത പ്രവർത്തികളെല്ലാം തിന്മയാണ്. ഈ തിന്മകൾ പാപമായി പരിണമിക്കും. ഓർത്തു നോക്കൂ, നാളുകളായി നിങ്ങൾ താലോലിച്ചുകൊണ്ടു നടന്ന എത്രയോ ചിന്തകൾ പാപമായി പുറത്തുവന്നിരിക്കുന്നു.

ഏതൊരു വ്യക്തിയുടെയും വ്യക്തിത്വ വികസനത്തിന്റെ ഭാഗമാണ് ചിന്തകളുടെ വളർച്ച. ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മാനസികനില തെറ്റിയവർക്കും ഒഴികെ ചിന്താമണ്ഡലത്തിൽ വളർച്ച ഉണ്ടാകും. ലൈംഗിക വിഷയങ്ങളിൽ കൈവരിക്കുന്ന വികസനം വളർച്ചയുടെ ഭാഗമാണ്. എന്നാൽ അതു പക്വതയുള്ള വികസനമായിരിക്കണം. ഒരു വ്യക്തി പക്വതയിലേക്ക് നയിക്കപ്പെടുന്നതിന്റെ തെളിവാണ് ചിന്തകളുടെ സംസ്ക്കരണം. 15 വയസ്സു കഴിഞ്ഞിട്ടും ഒരു വ്യക്തിക്കു ലൈംഗിക വിഷയങ്ങളെക്കുറിച്ച് അറിവും ചിന്തയും ഇല്ലെങ്കിൽ എന്തോ തകരാറുണ്ടെന്നുള്ളതാണ് സത്യം. പക്വമായ ലൈംഗിക ചിന്തകൾ ഒരിക്കലും പാപമല്ല. എന്നാൽ തെറ്റായ ചിന്തകളെ മനസ്സിൽ താലോലിച്ചു കൊണ്ടു നടക്കുമ്പോൾ അതു പാപത്തിലേക്കും പാപം കുറ്റബോധത്തിലേക്കും മനുഷ്യനെ നയിക്കും.

ചിന്താമണ്ഡലത്തിൽ പോലും മനസ്സാക്ഷിക്കു വിരുദ്ധമായി ഉണ്ടാകുന്ന ചിന്തകൾ പാപം ചെയ്യുന്നതിനു തുല്യമാണ്. യേശു പറഞ്ഞു: "സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ട് വ്യഭിചാരം ചെയ്തുപോയി" (മത്താ.5:28). ഇങ്ങനെയാണെങ്കിൽ പലരും ഒരു ദിവസം തന്നെ എത്ര പ്രാവശ്യം വ്യഭിചാരക്കുറ്റത്തിന് കല്ലെറിഞ്ഞ് കൊല്ലപ്പെടേണ്ടി വരും? ഓർക്കുക, ചിന്തകൾ സ്വാഭാവികം, അവയുടെ താലോലിക്കൽ പാപവും.

മനുഷ്യനെ തെറ്റായ ചിന്തകളുടെ ലോകത്തിലേക്ക് കൈപിടിച്ച് ഉയർത്തുന്ന ഒത്തിരി കാര്യങ്ങൾ ഉണ്ട്. അശ്ലീല സാഹിത്യങ്ങൾ, ഇന്റർനെറ്റ്, ബ്ലൂ ഫിലിമുകൾ, നഗ്നത പ്രദർശിപ്പിക്കുന്ന വസ്ത്രങ്ങൾ, ലൈംഗികമായി ഉത്തേജിപ്പിക്കപ്പെടുന്ന ചിത്രങ്ങൾ, ഗാനങ്ങൾ, ഡാൻസ്, ടി.വി. പരസ്യങ്ങൾ തുടങ്ങിയവ എല്ലാം ഇത്തരത്തിലുള്ളവയാണ്. എന്തിനേറെ? ഏകാന്തതയും ചിലപ്പോൾ സുഹൃത്തുക്കളുടെ സാമീപ്യം വരെ തെറ്റായ ചിന്തകളിലേക്ക് മനുഷ്യനെ നയിക്കുന്ന മുഖാന്തരങ്ങളാകാം.

ഇന്നത്തെ യുവലോകം ഇത്തരം ചിന്തകൾ താലോലിക്കാനാണ് അധികസമയവും ഊർജ്ജവും ചെലവഴിക്കുന്നത്. ഇതു മൂർഖൻ പാമ്പിന്റെ കുഞ്ഞിനു പാലുകൊടുക്കുന്നതിനു തുല്യമാണ്. ഇങ്ങനെ ചെയ്യുന്നവർക്കു വൈകാതെ പാമ്പുകടി ഏല്ക്കേണ്ടി വരും. സത്യം പറഞ്ഞാൽ പലരും നാളുകളായി മനസ്സിൽ പേറുന്ന ചിന്തകളാണ് പലപ്പോഴും പ്രവർത്തിയായി പുറത്തു വരുന്നത്. വിശുദ്ധ ബൈബിളിൽ പല തരത്തിലുള്ള ചിന്തകളെപ്പറ്റി പ്രതിപാദിക്കുന്നതു കാണാം.

1. പാപചിന്തകൾ (Sinful Thoughts)
2. ആകുല ചിന്തകൾ (Anxious Thoughts)
3. നശീകരണ ചിന്തകൾ (Destructive Thoughts)
4. ഫലശൂന്യമായ ചിന്തകൾ (Futile Thoughts)
5. കൈപ്പിന്റെ ചിന്തകൾ (Bitter Thoughts)
6. ലൗകിക ചിന്തകൾ (Wordly Thoughts)

മുകളിൽ പറഞ്ഞിരിക്കുന്നതിൽ മിക്കതും തെറ്റായ ചിന്തകളാണ് പ്രതിഫലിക്കുന്നത്. നിങ്ങൾ ഇന്ന് താലോലിക്കുന്ന ചിന്തകൾ എന്താണ്? വ്യർത്ഥമായ ജഡിക ചിന്തകളാണോ? അതോ നല്ല ചിന്തകളാണോ? നിങ്ങളുടെ ചിന്തകൾ എങ്ങോട്ടാണ് നിങ്ങളെ നയിക്കുന്നത്? തിന്മയിലേക്കും കുറ്റബോധത്തിലേക്കും നയിക്കുന്ന ചിന്തകളാണോ നിങ്ങൾക്കുള്ളത്?

വിശുദ്ധ ബൈബിളിൽ, പൌലോസ് എന്ന ക്രിസ്തു ഭക്തൻ പറയുന്നു: "മോഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുത്" (റോമർ 13:14). പാപചിന്തകൾ തെറ്റായ മോഹങ്ങൾ ജനിപ്പിക്കും എന്നതിനാൽ ഇവ നിങ്ങളെ പാപത്തിൽ കൊണ്ടെത്തിക്കും.

04

## എനിക്കും പറയാനുണ്ട്...

# ന്യൂജനറേഷൻകാരോട് ക്ഷമാപണപൂർവ്വം



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ബിലീവേഴ്സ് ജേണൽ എന്നും ഉപദേശപരമായ കാര്യത്തിൽ ന്യൂജനറേഷൻകാരുടെ എതിർപക്ഷത്താണ് നിലകൊണ്ടിട്ടുള്ളത്. ന്യൂജനറേഷൻകാരിൽ വ്യക്തിപരമായി എനിക്കു സ്നേഹബന്ധമുള്ളവർ പലരുണ്ട്. എന്നാൽ ഉപദേശസംബന്ധമായ വിഷയത്തിൽ ജേണൽ നിലപാട് എന്നും വ്യക്തമാണ്. അതുകൊണ്ടാണ് പലപ്പോഴും ഇത്തരക്കാരുടെ നിലപാടുകളെ എതിർക്കേണ്ടി വന്നിട്ടുള്ളത്. അതിന്റെ പേരിൽ പലപ്പോഴും എതിർപ്പുകളും നേരിടേണ്ടി വന്നിട്ടുണ്ട്. ഈ അടുത്ത കാലത്ത് ജേണൽ ചില ന്യൂജനറേഷൻകാരുടെ നിലപാടുകൾക്കും പഠിപ്പിക്കലുകൾക്കുമെതിരെ ശക്തമായി എഴുതിയിരുന്നു. എല്ലാ ന്യൂജനറേഷൻകാരും ദുരുപദേശകരും ആത്മീയ കോമാളിത്തരം കാണിക്കുന്നവരും ആണെന്ന ചിന്തയൊന്നും എനിക്കില്ല. എന്നാൽ ദൈവവചനവിരുദ്ധമായ പഠിപ്പിക്കലുകളെയും ആത്മീയ ശുശ്രൂഷ എന്ന പേരിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളെയും കാപട്യങ്ങളെയും എന്തുകൊണ്ടോ അംഗീകരിക്കുവാൻ ഇതുവരെയും എനിക്കു കഴിഞ്ഞിട്ടില്ല. അത്തരം പ്രസ്ഥാനക്കാരുടെ പരസ്യങ്ങളും ജേണൽ ഒഴിവാക്കാറുണ്ട്. ദുരുപദേശകർ പരത്തുന്ന ദോഷം രണ്ടുനിലയിലാണ് ബാധിക്കുന്നത്. ഒന്ന്, പൊതുസമൂഹത്തിൽ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത നിലയിൽ പെന്തെക്കോസ്തിനെ ചിത്രീകരിക്കപ്പെടുന്നു. രണ്ട്, പെന്തെക്കോസ്തിനകത്ത് ഇക്കൂട്ടർ മറ്റൊരു തരത്തിലാണ് ബാധിക്കുന്നത്. ഇവരുടെ കോമാളിത്തരങ്ങളുടെ പിന്നാലെ ഒരു കൂട്ടം ശുശ്രൂഷകരും ചെറുപ്പക്കാരും ആകർഷിക്കപ്പെടുന്നു എന്നതാണ് ആ അപകടം.

ന്യൂജനറേഷൻകാരെ വിമർശിക്കുമ്പോൾ തന്നെ മുഖ്യധാര പെന്തെക്കോസ്തിൽ ഇന്നു നടക്കുന്ന അധഃപതനത്തെ കാണാതിരുന്നുകൂടാ. എത്രമാത്രം അധഃപതിച്ചു എന്നുള്ളത് മാത്രമാണ് ഇനി കണക്കാക്കേണ്ടത്. ഐ. പി. സി.യിലും ചർച്ച് ഓഫ് ഗോഡിലും ഏ. ജി.യിലുമൊക്കെ നടക്കുന്ന കാര്യങ്ങൾ ഒരിക്കലും ദൈവജനത്തിന് അംഗീകരിക്കുവാൻ കഴിയുന്നതല്ല. കുമ്പനാട്ട് നടക്കുന്ന രാഷ്ട്രീയകളികൾ ആത്മീയതയുടെ പരിധി വിട്ടിട്ട് കാലങ്ങൾ എത്രയോ ആയിരിക്കുന്നു. അഴിമതി ആരോപണങ്ങളുമായി ഒരുകൂട്ടർ രംഗത്തെത്തുമ്പോൾ മറുഭാഗം പെന്തെക്കോസ്തിനെ മൊത്തത്തിൽ തൂക്കി വിൽക്കുകയാണ്. സ്ഥലം വാങ്ങുന്നതിൽ കെട്ടിടം പണിയുന്നതിൽ എല്ലാം അഴിമതിയാണെന്ന് ഭരണത്തിൽ ഇരിക്കുന്നവർ തന്നെ പറയുന്നു. വരുവാൻ പോകുന്ന ഇലക്ഷനുമായി ബന്ധപ്പെട്ട് അണിയറയിൽ നടക്കുന്ന കാര്യങ്ങൾ ഒട്ടും ആശാസ്യമല്ല.

ചർച്ച് ഓഫ് ഗോഡിലെ സ്ഥിതിയും ഇതിനേക്കാൾ ഒട്ടും ഭേദമല്ല. പീഢനക്കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട ഉപദേശിയും ചെക്ക് തട്ടിപ്പുകേസിൽ അന്വേഷണം നേരിടുന്ന ഉപദേശിയും ഭാര്യയെ അടിച്ചുകൊന്നതായി ആരോപിക്കപ്പെടുന്ന ഉപദേശിയും എല്ലാം ഇവിടെ ഇപ്പോഴും സജീവമാണ്. ഞാൻ പറഞ്ഞുവന്നത് ന്യൂജനറേഷൻ സഭകളിൽ ഇത്തരം അധികാര വടംവലിയോ കസേരകളിയോ കേസുകളോ കേൾക്കാനില്ല. അതുകൊണ്ടുതന്നെയാണ് തലക്കെട്ടിൽ അങ്ങനെ എഴുതേണ്ടി വന്നത്. പുതിയ തലമുറയെ നേടുവാൻ കഴിയാത്ത പ്രസ്ഥാനമായി മുഖ്യധാര പെന്തെക്കോസ്ത് സഭകൾ അധഃപതിച്ചു എന്നത് നിസ്തർക്കമാണ്. ദൈവഭയം ഇല്ലാത്ത ഒരുകൂട്ടം ജനമായി പെന്തെക്കോസ്തുകാർ മാറിയോ എന്ന് ഞാൻ പലപ്പോഴും ചിന്തിച്ചു പോകാറുണ്ട്. പെന്തെക്കോസ്തിലെ നേതാക്കന്മാരുമായിട്ടൊക്കെ നല്ല പരിചയവും സ്നേഹബന്ധവും എനിക്കുണ്ട്. എന്നാലും എപ്പോഴും ഒരു അകലം പാലിക്കുവാൻ ഞാൻ ശ്രദ്ധിക്കാറുണ്ട്. അതാണ് ആരോഗ്യത്തിനു നല്ലത് എന്നാണ് എന്റെ നിഗമനം.

ഇത്രയും കുഴപ്പങ്ങളൊക്കെ പെന്തെക്കോസ്തിലുണ്ടെന്ന് പറയുമ്പോഴും എന്റെ പ്രതീക്ഷ നഷ്ടപ്പെട്ടിട്ടില്ല. കാരണം ഇതിനുവേണ്ടി ത്യാഗം സഹിച്ചവരുടെ പിൻതലമുറക്കാരാണ് ഇന്നുള്ളത്. മാത്രമല്ല, കരയുന്ന ഒരു കൂട്ടം വിശ്വാസികളും ശുശ്രൂഷകരും ഇവിടെ ശേഷിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഒരു മടങ്ങിവരവ് സാധ്യമാകും എന്നാണ് എന്റെ വിശ്വാസം.

ന്യൂജനറേഷനെ സംബന്ധിച്ച് എന്റെ നിലപാടുകൾക്ക് മാറ്റമില്ല. ദൈവവചനത്തെ യാതൊരു ഭയവുമില്ലാതെ ഇങ്ങനെ കോട്ടിക്കളയുവാൻ എങ്ങനെ സാധിക്കും എന്ന് ഞാൻ എപ്പോഴും അത്ഭുതപ്പെടാറുണ്ട്. കോമാളികൾപോലുംഅറയ്ക്കുന്ന നിലയിലാണ് ഇവരുടെ വേദികളിൽ നടക്കുന്നത്. കാഴ്ചക്കാർക്ക് അറപ്പു തോന്നുമെങ്കിലും ഇവർ യാതൊരു ഉളുപ്പുമില്ലാതെ കാട്ടിക്കൂട്ടുന്നതുകാണുമ്പോൾ എന്തുപറയണമെന്ന് അറിഞ്ഞുകൂടാ. ആളെ കൂട്ടുവാൻ അയവു വരുത്തുന്നവർ ദൈവവചനത്തോടെ മായം ചേർക്കുകയാണ്. ഇവരുടെ വേഷഭൂഷാദികൾ കണ്ട് മയങ്ങിയാണ് മുഖ്യധാരാ സഭകളിലെ ചില ശുശ്രൂഷകരുമിതൊക്കെ അനുകരിക്കുന്നത് എന്നാണ് എനിക്ക് തോന്നുന്നത്.

ആത്മീയ കാര്യങ്ങളേക്കാൾ നേതാക്കന്മാരുടെ താൽപര്യം ബിസിനസ്സാണ്. ഏതു പ്രസ്ഥാനത്തിലായാലും ഭരണകർത്താക്കൾക്ക് പൊതുവിൽ കാണുന്ന താൽപര്യം വസ്തുവാങ്ങലും കെട്ടിടം പണികളുമാണ്. ഐ. പി. സിയിലും ചർച്ച് ഓഫ് ഗോഡിലും ഇതിന്റെ പേരിൽ വിവാദം ഒഴിഞ്ഞ നേരമില്ല. എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത് എന്ന് ഞാൻ ആലോചിക്കാറുണ്ട്. പുതിയ മിഷൻ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനോ മിഷനറിമാരെ അയക്കുന്നതിനോ കാട്ടുന്ന താൽപ്പര്യത്തേക്കാൾ ആയിരം മടങ്ങ് താൽപ്പര്യമാണ് കെട്ടിടം പണിയാനും സ്ഥലം വാങ്ങാനും നേതാക്കന്മാർ കാണിക്കുന്നത്. അതിന്റെ കാരണം ഏതു പൊട്ടനും മനസിലാകും. മിഷൻ സ്റ്റേഷൻ ആരംഭിച്ചാലോ മിഷണറിയെ അയച്ചാലോ പേഴ്സിനകത്ത് ഒന്നും എത്തില്ല. മറിച്ച് സ്ഥലംവാങ്ങൽ, കെട്ടിടം പണി തുടങ്ങിയ ശർക്കര കുടങ്ങൾ ആകുമ്പോൾ കാര്യമായി കൈയിടുകയും നക്കുകയും ചെയ്യാമല്ലോ. ഈ നേതാക്കന്മാരുടെ പൂർവ്വകാലസ്ഥിതിയും വർത്തമാനകാല സ്ഥിതിയും താരതമ്യം ചെയ്താൽ മാത്രം മതി കാര്യം പിടികിട്ടും. പെന്തെക്കോസ്തിലെ 90% നേതാക്കന്മാരും വീരപ്പന്റെ പിൻഗാമികളാണ് എന്ന എന്റെ നിഗമനം തെറ്റില്ല എന്നാണ് ഞാൻ കരുതുന്നത്. നല്ലവരായ 10% നേതാക്കന്മാരോട് ക്ഷമാപണപൂർവ്വം.

## വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

പ്രസ്തുത ആശയത്തെ പത്രോസ് ശ്ലീഹയും എടുത്തു പറയുന്നുണ്ട്, നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും. പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതല്ല. സൗമ്യതയും സാവധാനതയുമുള്ള മനസെന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെയായിരിക്കണം, 1പത്രോസ്:3: 3-4. അന്നത്തെ സഭാംഗങ്ങളായ സ്ത്രീകൾ തലമുടി പിന്നുന്നവരും പൊന്നണിയുന്നവരും വസ്ത്രം ധരിക്കുന്നവരുമായിരുന്നതുകൊണ്ട് പൗലോസും പത്രോസും പറയുന്നു അതൊന്നുമല്ല അവരുടെ അലങ്കാരമെന്ന്. പിന്നെയോ സൽപ്രവർത്തികളും സൗമ്യതകളും സാവധാനതയുമുള്ള മനസ്സുമാണ് അവർക്കു അക്ഷയഭൂഷണമായിരിക്കേണ്ടതെന്ന്. ഇന്നത്തെ വനിതകൾ എപ്രകാരമുള്ള വസ്ത്രധാരണമാണ് ചെയ്യുന്നന്നത്, വസ്ത്രമധികമില്ലാത്തെ വസ്ത്രധാരണം ചെയ്യുവാൻ ഇന്നത്തെ സ്ത്രീകൾ പഠിച്ചിരിക്കുന്നു. ഉടുത്തുണിയില്ലാതെ നടക്കുന്നതും ഒരു ഫാഷനായിമാറിയിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഇന്നു പ്രായഭേദമില്ലാതെ പല വനിതകളും വസ്ത്രധാരണത്തിൽ ഒരു തരം പിശുക്കു കാണിക്കുന്നു. ദൈവമന്ദിരമാകേണ്ട സ്വന്തം ശരീരം ഒരു പ്രദർശനാലയാക്കാനാണ് പലർക്കും ഇഷ്ടം. ചിലർ ശ്രദ്ധകേന്ദ്രമാകുന്നത് മിനിമം വസ്ത്രം ധരിച്ചാണ്. എന്നാൽ മറ്റു ചില യുവതികൾ ഘടനയും അളവും വെളിപ്പെടുത്തുവാൻ ബനിയൻ മുതലായ വസ്ത്രങ്ങൾ ധരിച്ച് കെട്ടുകാഴ്ചയായി പ്രദർശിക്കപ്പെടുന്നു. വേറെ ചില തരുണീമണികൾ സുതാര്യമായ വസ്ത്രം ധരിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നു. തുണിയുടുത്തിട്ടുണ്ടെന്നു തന്ത്രപൂർവ്വം വരുത്തിത്തീർക്കുകയും അതേസമയം കണ്ണാടി പോലുള്ള വസ്ത്രമാകയാൽ തനിമയോടെ കാണികൾക്കു കാഴ്ചവെക്കപ്പെടുകയും ചെയ്യുന്നു. മറ്റുള്ളവരെ ആകർഷിപ്പിച്ചടുപ്പിക്കാനും ശ്രദ്ധിക്കുവാനുമായി ചായക്കടയിൽ പലഹാരങ്ങൾ ചില്ലലമാരയിൽ സൂക്ഷിച്ചുവെച്ചിരിക്കുന്നതുപോലെ തന്നെ കഴുത്തിന് താഴെ മുന്നിലും പിന്നിലും ഇറക്കിവെട്ടി തയ്ച്ചിരിക്കുന്ന ബ്ലൗസും ടോപ്പും അണിയാൻ ചിലർക്കു ലജ്ജയില്ലാതെ മാറിയിരിക്കുന്നു. ഇന്നിതാ ചുരിദാറിനോടുകൂടെയുള്ള ഷാളിന്റെ വീതി കുറയുകയും അതിന്റെ സ്ഥാനം മാറുകയും ചെയ്തിരിക്കുന്നു. മാറിനെ മറയ്ക്കുവാൻ വേണ്ടി അണിയേണ്ടത് ഇന്നു ചുമലിനു മുകളിലോ കഴുത്തിനു ചുറ്റുമോ ആയിത്തീർന്നിരിക്കുന്നു. ചിലർ ഉടുത്തൊരുങ്ങിയാൽ അലങ്കരിച്ചുയർത്തിയ ക്രിസ്തുമസ് ട്രീയുടെ മട്ടാണ്. തൊങ്ങലും തോരണങ്ങളും പതിപ്പിച്ചതും മുത്തുമണികളും മരതകകല്ലുകളും പിടിപ്പിച്ചതുമായ മോടി പിടിപ്പിച്ച വസ്ത്രമാണിവരുടെത്. കംഗാരുവിന്റെ വാലുപോലെയും തോഴന്മാരുടെയും തോഴിമാരെയും ചേർത്തുകൊണ്ട് മണവാട്ടിയുടെ വിവാഹ വസ്ത്രത്തിന്റെ അറ്റം പിടിച്ചു കൊണ്ട് വിവാഹ ചടങ്ങിലേക്ക് പോകുന്ന വിവാഹ വസ്ത്രം കാലിനു പിന്നിലേക്ക് ഇഴയുന്നതു കണ്ടാൽ....... ഇന്നത്തെ യുവതലമുറ അല്പ വസ്ത്രധാരികളായി ഞെളിഞ്ഞു ലോ വെയ്സ്റ്റുകളായി എന്നു പറഞ്ഞു ശരീരത്തിലെ പ്രദർശിപ്പിച്ചുകൂടാത്ത ഭാഗങ്ങൾ പ്രദർശിക്കുന്ന തലമുറകളും നെറ്റിപ്പട്ടം കെട്ടിയ ആനയെ ഉത്സവപ്പറമ്പിലേക്ക് എഴുന്നെള്ളിക്കുന്നതുപോലെ പല രക്ഷിതാക്കളും കോമാളിവേഷം കെട്ടി കുഞ്ഞുങ്ങളെ വിശേഷാൽ പെൺകുട്ടികളെ അന്യരുടെ മുന്നിൽ എഴുന്നെള്ളിക്കുന്നതും സർവ്വസാധാരണമാണ്. പഠന ജോലി സ്ഥലങ്ങളിൽ കൂട്ടുക്കാരുടെയും ബിസിനസ്സ് കിട്ടുവാൻ വേണ്ടിയും മാധ്യമങ്ങളുടെ ശ്രദ്ധകിട്ടുവാൻ വേണ്ടിയും വികലമായ വേഷം കെട്ടുന്നവരുമുണ്ട്.



വസ്ത്രധാരണത്തെക്കുറിച്ച് വിശുദ്ധ ബൈബിൾ പഠിപ്പിക്കുന്നത്, പുരുഷന്റെ വസ്ത്രം സ്ത്രീയും സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കരുത്. അങ്ങനെ ചെയ്യുന്നവരൊക്കെയും നിന്റെ ദൈവമായ യഹോവയ്ക്കു വെറുപ്പു ആകുന്നു ആവർ:22:5, യെശ:3:16-24. ക്രിസ്തീയ വനിതകളും വിശ്വാസികളും ഇറുകിയ വസ്ത്രങ്ങൾ ഒഴിവാക്കുകയും സുതാര്യമായ തുണികൾ വർജ്ജിക്കുകയും വേണം. സ്ത്രീകൾ മാത്രമല്ല, എല്ലാ വിശ്വാസികളും അണിയേണ്ടത് വിലയേറിയതും ആഡംബര സൂചകങ്ങളായ വേഷഭൂഷാദികളല്ലാ മറിച്ച് വിശുദ്ധ വസ്ത്രഅലങ്കാരം ആയിരിക്കണം. വിശുദ്ധ അലങ്കാരം എന്നുള്ളത് വിശുദ്ധ ജീവിതമാണ്, സൽപ്രവർത്തികളാണ്. സൗമ്യതയും ശാന്തതയുമുള്ള മനസ്സാണ് വസ്ത്രധാരണം യോഗ്യവും മാന്യവുമായിരിക്കണം. മറ്റുള്ളവരെ ആകർഷിക്കുന്നതോ മറ്റുള്ളവരുടെ ആത്മീയ ജീവിതത്തിനു അപായമുണ്ടാക്കുന്നതായ വസ്ത്രധാരണം ദൈവമക്കൾക്കു യോജിച്ചതല്ല. ദൈവമക്കളുടെ അലങ്കാരം എന്തായിരിക്കണം എന്നതിനെപ്പറ്റി പത്രോസും പൗലോസും തങ്ങളുടെ എഴുത്തുക്കളിൽ ഊന്നി പറഞ്ഞിട്ടുണ്ട്. നാം നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ഉപദേശത്തെ സകലത്തിലും അലങ്കരിക്കേണ്ടവരാണ്, തീത്തോ:2:9. അമിതവസ്ത്രധാരണത്തിലോ, ആവശ്യത്തിനു പോലുമില്ലാത്ത വസ്ത്രധാരണത്താലോ മറ്റുള്ളവരെ ആകർഷിക്കാൻ ശ്രമിക്കാതിരിക്കുക, ഉള്ളിലെ വിശ്വാസത്തിന്റെ പ്രദർശനം സൽപ്രവർത്തികളാൽ തെളിയട്ടെ.

- തുടർച്ച-

ഈ സന്ദർഭത്തിൽ മറ്റൊരു വിഷയം ചിന്തിക്കുവാൻ ആഗ്രഹിക്കുന്നു, അതായത് വിശ്വാസികൾക്കു ആഭരണം ഭൂഷണമേ? ബൈബിൾ ഇതിനെപ്പറ്റി എന്തു പറയുന്നു? അടുത്തു കാലത്തായി വേർപ്പെട്ട വിശ്വാസികളുടെ മദ്ധ്യേ ഒരു വിവാദവിഷയമാണിത്. കേരളത്തിലെ വേർപ്പെട്ട വിശ്വാസികളുടെ ഒന്നാം തലമുറയിൽ കർത്തൃനാമത്തിൽ ഉപേക്ഷിച്ചതായ ആഭരണങ്ങളും അലങ്കാരങ്ങളും അവരുടെ പിൻതലമുറക്കാർ ഒളിഞ്ഞും തെളിഞ്ഞും ധരിക്കുന്നതായി അറിയുന്നു. കെ.വി. സൈമൺ സാറിന്റെയും കെ.ഇ.ഏബ്രഹാം സാറിന്റെയും കാലത്ത് ഇതൊക്കെ ഉപേക്ഷിച്ചതായിരുന്നു, കാരണം 1 തിമെ:2:9-10, 1പത്രോ:2:3-5-ന്റെ അടിസ്ഥാനത്തിലാണ്. അപ്രകാരം അവർ ചെയ്തു. ദൈ

04

ചോദ്യോത്തര വേദി

# പരിശുദ്ധാത്മാവ് ഒരു ശക്തി മാത്രമോ അതോ വ്യക്തിയോ?



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

*ചോദ്യം:* പരിശുദ്ധാത്മാവ് ഒരു ശക്തി മാത്രമാണെന്നും, വ്യക്തി അല്ലെന്നും ദൈവമല്ലെന്നും യഹോവസാക്ഷികൾ പഠിപ്പിക്കുന്നു. അവരോട് മറുപടി പറയുവാൻ പരിശുദ്ധാത്മാവിന്റെ വ്യക്തിത്വത്തെ വിശദീകരിക്കാമോ?

– ജുബിൻ ജോസഫ്, പനയമ്പാല

*ഉത്തരം:* ബോധപൂർവ്വം **ചിന്തിക്കുകയും, ഇച്ഛിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തിത്വം ജീവനുള്ള വ്യക്തിത്വമാകുന്നു.** അതിന് ഒരു ഭൗതീക ശരീരം വേണമെന്നില്ല. സാധാരണയായി നാം നമ്മുടെ ശരീരവുമായി ബന്ധപ്പെടുത്തി മാത്രമേ ഒരു വ്യക്തിത്വത്തെ നിർവ്വചിക്കാറുള്ളൂ. കാരണം, നാം ജീവിക്കുന്ന ഈ ഭൗതീക ലോകത്ത് അഞ്ച് ഇന്ദ്രീയങ്ങൾക്ക് വിധേയമാകുന്ന (കാഴ്ച, കേൾവി, സ്പർശം, രുചി, ഗന്ധം) സംഗതികൾക്കേ നാം വില കൽപ്പിക്കാറുള്ളൂ. എന്നാൽ മോശെയുടെ ശവശരീരം മോവാബ് ദേശത്ത് അടക്കിയെങ്കിലും (ആവർത്തനം 34:6), മോശെ ദൈവസന്നിധിയിലെ ആലോചനായോഗത്തിൽ പങ്കെടുക്കുകയും (ഫിലിപ്പിയർ 1:22,23; ദാനിയേൽ 4:17), മറുരൂപമലയിലെത്തി കർത്താവിനോട് സംഭാഷിക്കുകയും യെരുശലേമിൽ യേശുവിന് സംഭവിക്കാനിരിക്കുന്ന ക്രൂശീകരണത്തെക്കുറിച്ച് വിശദീകരിക്കയും ചെയ്തു (ലൂക്കോസ് 9:31). കർത്താവായ യേശുവിന് തന്റെ മനുഷ്യാവതാരത്തിന് മുമ്പ് ഒരു ഭൗതീക ശരീരമുണ്ടായിരുന്നില്ല. മോശെയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട ദൈവസാന്നിധ്യത്തിനും (പുറപ്പാട് 3) ഒരു ശരീരമുണ്ടായിരുന്നില്ല. ദൈവത്തിന്റെ കല്പനകൾ അറിയിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന ദൂതന്മാർക്കും ഭൗതീകശരീരം ഇല്ല. ആയതിനാൽ ബോധപൂർവ്വം ചിന്തിക്കുകയും, ഇച്ഛിക്കുകയും പ്രവർത്തിക്കയും ചെയ്യുന്ന പരിശുദ്ധാത്മാവിനും ഒരു ശരീരം വേണമെന്ന് നിർബന്ധം പിടിക്കേണ്ടതില്ല. യേശു തന്റെ ശുശ്രൂഷാകാലത്ത് വിശദീകരിച്ച സ്വർഗ്ഗീയ കാര്യങ്ങളൊന്നും നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്ക് വിധേയപ്പെടുന്ന വിഷയങ്ങളായിരുന്നില്ല. സ്വർഗ്ഗം, നരകം, ദൂതന്മാർ, അശുദ്ധാത്മാക്കൾ, മരണാനന്തര ജീവിതം മുതലായവ. യേശു പറഞ്ഞ ഉപമയിലെ ധനവാനും ലാസറും അബ്രഹാമും അന്യോന്യം സംഭാഷണം നടത്തിയതും, ധനവാന് ദാഹിച്ചതും വിഷമമുണ്ടായതും ഒന്നും ഭൗതീക ശരീരത്തോടെയല്ല. യേശു വിശദീകരിച്ച സ്വർഗ്ഗീയ കാര്യങ്ങൾ വിശ്വസിക്കുന്നത് മാറ്റിവയ്ക്കുക. വെറും രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് യേശു എന്ന മനുഷ്യൻ ജീവിച്ചിരുന്നെന്നുപോലും വിശ്വസിക്കാൻ പലരും തയ്യാറല്ല. എന്നാൽ 500 കോടി വർഷങ്ങൾക്ക് മുമ്പ് സംഭവിച്ചിരിക്കാമെന്ന ചില അനുമാനങ്ങൾ (പാറയുടെയും ദിനോസറുകളുടെയും കാലപ്പഴക്കത്തെ സംബന്ധിച്ചുള്ള അനുമാനങ്ങൾ) വിശ്വസിക്കുന്നതിന് പലർക്കും യാതൊരു ബുദ്ധിമുട്ടുമില്ല. സന്തോഷത്തോടെ അത് പ്രഘോഷിക്കയും ചെയ്യുന്നു.

**പരിശുദ്ധാത്മാവിനെക്കുറിച്ച് ബൈബിൾ താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.**

1) പരിശുദ്ധാത്മാവിന് ശക്തിയും സ്നേഹവുമുണ്ട് (റോമർ 15:13,30)

2)പരിശുദ്ധാത്മാവിന് മനസ്സുണ്ട് (റോമർ 8:26,27)

3) പരിശുദ്ധാത്മാവ് ആരായുകയും, പരിശോധിക്കുകയും, അറിയുകയും, ഉപദേശിക്കുകയും, നിർദ്ദേശിക്കുകയും, ബോധം വരുത്തുകയും ചെയ്യുന്നു (നെഹമ്യാവ് 9:20; 1 കൊരി. 2:10,11; യോഹ. 16:8,13)

4) പരിശുദ്ധാത്മാവ് തന്റെ സ്വന്ത ഇഷ്ടം വെളിപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്യുന്നു (അപ്പൊ.പ്രവ. 13:2; 1 കൊരി. 12:11)

5) പരിശുദ്ധാത്മാവ് വിശ്വാസിയിൽ വസിക്കുന്നു (1 കൊരി. 6:19); സഭയിലും വസിക്കുന്നു (1കൊരി.3:16; എഫെസ്യർ 2:22)

6) പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുവാനും (എഫെസ്യർ 4:30; യെശ. 63:10) അധിക്ഷേപിക്കുവാനും (എബ്രായർ 10:20), ആത്മാവിനോട് കള്ളം പറയുവാനും (അപ്പൊ. 5:3), കെടുത്തിക്കളയുവാനും (1 തെസ്സ.5:19) നമുക്കു കഴിയുന്നതാണ്.

7) പരിശുദ്ധാത്മാവിനെ ശക്തിയായിട്ടല്ല **തന്നോട് തുല്യനായ വ്യക്തിയായിട്ടാണ് കർത്താവായ യേശു വിശദീകരിച്ചത് (യോഹ. 14:16,17,26)**

8) **പരിശുദ്ധാത്മാവ് ദൈവമാണെന്ന് ബൈബിൾ വെളിപ്പെടുത്തുന്നു** (മത്തായി 28:19; 1 കൊരി. 12:4–6; 2 കൊരി. 13:14)

9) പരിശുദ്ധാത്മാവ് ദൈവമാണെന്ന് ആദിമ അപ്പൊസ്തലന്മാർ പ്രഘോഷിച്ചു (അപ്പൊ. 5:3,4).

കാഴ്ച, കേൾവി, സ്പർശം, രുചി, ഗന്ധം എന്നിവയിൽ നിന്നു ലഭിക്കുന്ന അറിവുകളെ മാനുഷികജ്ഞാനം എന്നു വിളിക്കുന്നു. വിശ്വാസം എന്നതോ വേറൊരാളിലോ, അയാളുടെ വാക്കിലോ, അയാളുടെ വാഗ്ദാനങ്ങളിലോ അയാളുടെ ഉത്തരവാദിത്വത്തിലോ നാം വെച്ചിരിക്കുന്ന അചഞ്ചലമായ ബോധ്യവും ഉറപ്പുമാണ് (എബ്രായർ 11:2). മാനുഷിക ജ്ഞാനത്തിൽ നിന്ന് ദൈവവചനത്തിലേക്കുള്ള പ്രതിബദ്ധതയിൽ നിന്നേ വിശ്വാസം ദൈവവിശ്വാസമായി പരിണമിക്കുന്നുള്ളൂ. "യേശുക്രിസ്തുവിന്റെ ജഡാവതാരം വിശ്വസിക്കാത്ത വഞ്ചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കുന്നുവല്ലോ. വഞ്ചകനും അന്തിക്രിസ്തുവും ഇങ്ങനെയുള്ളവൻ ആകുന്നു.....ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിരു കടന്നുപോകുന്ന ഒരുവനും ദൈവം ഇല്ല. ഉപദേശത്തിൽ നിലനിൽക്കുന്നവനോ പിതാവും പുത്രനും ഉണ്ട്" (2 യോഹ. 7–10).

## 02 യുവജനപംക്തി.....

തെറ്റായ ചിന്തകൾ മനസ്സിൽ താലോലിക്കുന്നത് ഒരു ശീലമാക്കി തീർത്തിരിക്കുന്നെങ്കിൽ നിങ്ങൾ പിശാചിന്റെ നിയന്ത്രണത്തിലാണ്. നിങ്ങളിൽ യേശുവിനു വസിക്കുവാൻ സാധ്യമല്ല. നിങ്ങളുടെ ഹൃദയമാകുന്ന കപ്പ് ശുദ്ധമാണെങ്കിൽ മാത്രമേ യേശുവിന് നിങ്ങളിലേക്ക് ജീവജലം പകരുവാൻ സാധിക്കയുള്ളൂ.

സൃഷ്ടിപരമായ ചിന്തകൾകൊണ്ടു നശീകരണചിന്തകളെ കീഴടക്കണം. പ്രകാശം വരുമ്പോൾ ഇരുൾ മാറി പോകുന്നതുപോലെ നല്ല ചിന്തകൾ മനസ്സിൽ നിറയുമ്പോൾ തെറ്റായ ചിന്തകൾ മാറിപ്പോകും. ശരിയായ ചിന്തകൾ എന്താണെന്ന് പൌലൊസ് അപ്പൊസ്തലൻ ഓർമ്മിപ്പിക്കുന്നു.

"ഒടുവിൽ സഹോദരന്മാരേ സത്യമായതൊക്കെയും ഘനമായതൊക്കെയും നീതിയായതൊക്കെയും നിർമ്മലമായതൊക്കെയും, രമ്യമായതൊക്കെയും സൽക്കീർത്തിയായതൊക്കെയും സൽഗുണമോ പുകഴ്ചയോ അത് ഒക്കെയും ചിന്തിച്ചു കൊൾവിൻ" (ഫിലി.4:8). തെറ്റായ ചിന്തകളെ ഇവയെ എങ്ങനെ കീഴടക്കാം എന്നു ബൈബിൾ പറയുന്നതു പ്രത്യേകം ശ്രദ്ധിക്കുക. "അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിൻ വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞ് ഏതു വിചാരത്തെയും ക്രിസ്തുവിനോടൊടുള്ള അനുസരണത്തിനായിട്ട് പിടിച്ചടക്കി..." (2കൊരി.10:5)

അവയാൽ എന്നതിന്റെ വിശദീകരണം 3,4 വാക്യങ്ങളിൽ കാണാം. ഇത് ദൈവസന്നിധിയിൽ കോട്ടകളെ ഇടിപ്പാൻ ശക്തിയുള്ള ആത്മീക ആയുധങ്ങളെ കാണിക്കുന്നു. നിങ്ങളുടെ ചിന്തകൾ പ്രവർത്തികളായും വാക്കുകളായും പുറത്തുവരും. മാത്രമല്ല നിങ്ങളുടെ ഭാവി മുഴുവനായും നിർണ്ണയിക്കുന്നതും ചിന്തകളാണ്. കഴിഞ്ഞ കാലങ്ങളിലെ തെറ്റായ ചിന്തകളുടെയോ പ്രവർത്തിയുടെയോ കുറ്റബോധം നിങ്ങളുടെ മനസ്സിൽ ഉണ്ടെങ്കിൽ അവയെ പൂർണ്ണമായി ക്ഷമിക്കുവാൻ യേശുവിനു കഴിയും. അവയെ യേശുവിനോട് ഹൃദയംഗമായി ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുക.

ചിന്തകൾ പാപമായി പേറുന്നത് ഒരു നിമിഷം കൊണ്ടല്ല. മറിച്ച്
ആദ്യമായി എന്തെങ്കിലും കാണുകയോ കേൾക്കുകയോ ചെയ്യുന്നു.
രണ്ടാമത്, അത് മനസ്സിലിട്ട് താലോലിക്കുന്നു.
മൂന്നാമത്, അവയിലേക്ക് സ്വയം നയിക്കുന്നു.
നാലാമതായി തെറ്റു ചെയ്യുന്നു.
നാലാമത്തെ ഘട്ടത്തിന് മുമ്പു വരെ രക്ഷപ്പെടുവാൻ മാർഗ്ഗം ഉണ്ട്. പക്ഷേ പാപിയായാലോ? **(തുടരും...)**

## 03 വേദപഠനം.....

ഭക്തിയുള്ള വിശുദ്ധസ്ത്രീകൾ തങ്ങൾക്ക് ഭൂഷണമായി കാണേണ്ടതും ചെയ്യേണ്ടതും എന്താണെന്ന് ഈ ഭാഗങ്ങളിൽ തെളിവായി പറയുന്നു, ആഭരണം ധരിക്കുന്നത് വിലക്കുന്ന ദൈവവചനം ഇല്ല എന്നു പറയുന്നവർ ഈ വാക്യങ്ങൾ മനസ്സിരുത്തി വായിച്ചു പഠിക്കേണ്ടതാണ്. തലമുടി പിന്നുന്നതും പൊന്നണിയുന്നതും വിലയേറിയ വസ്ത്രം ധരിക്കുന്നതുമല്ല. വിശുദ്ധമതികളുടെ അലങ്കാരം എന്നു സ്പഷ്ടമായി പറഞ്ഞിരിക്കുന്നത് സൽപ്രവർത്തികളും സൗമ്യതയും സാവധാനതയുമുള്ള മനസ്സുമാകുന്നു അക്ഷയഭൂഷണം. ലോകപ്രസിദ്ധ വേദപണ്ഡിതനും വേദവ്യാഖ്യാതവുമായ മാത്യു ഹെന്റി ഇതിനോടുള്ള ബന്ധത്തിൽ പറഞ്ഞിരിക്കുന്നത്, വിശുദ്ധമതികൾ വിനീതമായ, ഒതുക്കമുള്ള ആർഭാടപരമല്ലാത്ത വസ്ത്രം ധരിക്കുന്നവരായിരിക്കണം.ഒരു വ്യക്തിയുടെ മാനസികസ്ഥിതി മറ്റുള്ളവർ വായിക്കുന്ന ഒരു ഉപാധിയാണ് അയാളുടെ ആർഭാടപരമായ സ്വഭാവരീതികൾ വിശ്വാസികൾക്കു തങ്ങളെ തന്നെ അലങ്കരിക്കുവാൻ കൂടുതൽ നല്ല ആഭരണങ്ങൾ സൽപ്രവർത്തികൾ ആണ്. ദൈവ ഭക്തിയുണ്ടെന്ന് അവകാശപ്പെടുന്നവർ തങ്ങളുടെ വസ്ത്രധാരണത്തിലും പെരുമാറ്റത്തിലും ഏറ്റവും മാന്യമായ നിലവാരം പുലർത്തുന്നവരും ദൈവഭക്തിക്കു ചേരുന്ന പരോപകാരപ്രദമായ പ്രവർത്തികൾ ചെയ്യുന്നവരുമായിരിക്കണം. **(തുടരും..)**

## 01 ഐ.പി.സി ഫാമിലി.....

കോൺഫറൻസിൽ പങ്കെടുക്കുന്നവർക്ക് അനുഗ്രഹമാകും എന്നതിനു സംശയമില്ല. എൽവാസോ, ടെക്സസ്, സ്വദേശിയായ റവ.ക്രിസ്റ്റ് എസ്ട്രാർഡോ യുവജനങ്ങളുടെ മീറ്റിംഗുകളിൽ വചനശുശ്രൂഷ ചെയ്യുന്നതാണ്. സഹോദരിമാരുടെ മീറ്റിംഗുകളിൽ പ്രധാന അതിഥി പ്രസംഗകയായി സിസ്റ്റർ ലില്ലിക്കുട്ടി സാമുവേൽ എത്തും. നോർത്തമേരിക്കയിലും ഇന്ത്യയിലും ഐ. പി. സിയുടെ നേതൃനിരയിൽ ആയിരിക്കുന്ന ദൈവദാസന്മാർ ഈ കോൺഫറൻസിൽ സംബന്ധിക്കുകയും നേതൃത്വം നല്കുകയും ചെയ്യുന്നതാണ്. കോൺഫറൻസിന്റെ വിജയത്തിനും, ആത്മീയ അനുഗ്രഹത്തിനും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

## 08 ആത്മീയ ലോകത്തെ വ്യാപാര.....

ന്നാണ് ചില നേതാക്കളുടെ മതം. അനീതിയെ ചോദ്യം ചെയ്യുന്നവനെ അനാത്മീയൻ എന്നു മുദ്ര കുത്തി അവഗണിക്കുകയാണ് ചെയ്യപ്പെടുന്നത്. 'ദേവപ്രശ്നം' എന്ന കൂരമ്പ് കൊണ്ട് ഏത് ഭക്തനേയും ഒതുക്കാനാവും ഇങ്ങനെ എത്രക്കാലം മുന്നോട്ട് പോകാൻ സാധിക്കും? 'മനുഷ്യൻ ബലഹീനപാത്രമാണ്' എന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്നത് എന്തും ചെയ്യാനുള്ള ലൈസൻസായാണ് ചിലർ ധരിച്ചു വെച്ചിരിക്കുന്നത്.

സ്വന്തം ഭാര്യയോട് വിരോധമുണ്ടെങ്കിൽ പോലും പകതീർക്കുന്നത് ബൈബിൾ വാക്യങ്ങളിൽ കൂടിയാണ്. അതിന് വേണ്ടി സഭയുടെ പുൾപിറ്റിനെ വേദിയാക്കി മാറ്റയെടുക്കുന്ന പ്രവണത എത്രയോ നീചത്വം നിറഞ്ഞതുമാണ്. ഇവിടെ പുൾപിറ്റിനെ അലങ്കോലപ്പെടുത്തുകയും വചനം ദുരുപയോഗം ചെയ്യപ്പെടുകയുമാണ്. ബൈബിളിൽ നിന്ന് ഒരു സംശയം ചോദിച്ചാൽ അതിന് നിവാരണം നടത്തി തരുവാൻ എത്ര നേതാക്കൾക്ക് സാധിക്കും?. നിവാരണം നടത്തി തരുവാൻ അറിയില്ലെങ്കിൽ ചോദ്യകർത്താവിനെ ശപിക്കുന്ന സാത്താന്യമേലങ്കി അണിഞ്ഞ് ആത്മീയത്തിന്റെ മറ്റൊരു മുഖം പ്രകടമാക്കുന്നതാണ് ചിലരുടെ വിനോദം. 'ഞാൻ ദൈവദാസൻ' എന്ന് സ്വയം അവരോധിക്കപ്പെടുന്നത് ആത്മീയത്തിന് തന്നെ ഭീഷണിയാവുകയാണ്.

സ്റ്റേജിൽ നിന്നു കൊണ്ട് കരയാം മറ്റുള്ളവരെ കരയിപ്പിക്കുകയും ചെയ്യാം. സൂപ്പർ പ്രസംഗങ്ങൾ നടത്തി ജനത്തെ ഇളക്കാം, ഘോര ഘോരം ഉപദേശങ്ങൾ പറഞ്ഞ് ഹൃദയങ്ങളെ കീഴ്പ്പെടുത്തുകയും ചെയ്യാം. പക്ഷെ സ്വന്തജീവിതത്തിലെ സ്വഭാവം ഏത് 'കച്ചവട' തന്ത്രത്തിലൂടെയാണ് മുന്നോട്ട് നയിക്കുന്നത്?

ആത്മീയത്തിൽ ഇന്ന് നടക്കുന്ന കച്ചവടങ്ങൾ യേശുവിന്റെ പരസ്യശുശ്രൂഷാകാലത്തും ഉണ്ടായിരുന്നു. യെരുശലേം ദേവാലയത്തിലെ കച്ചവടങ്ങളെ ഒഴിപ്പിച്ച് പള്ളിക്കും പുരോഹിതർക്കും ശുദ്ധി കലശം വരുത്തിയത് അതിനുദാഹരണമാണ്. അന്നത്തെ കച്ചവടത്തിന്റെ പരിഷ്കൃത രൂപമാണ് ഇന്ന് നാം കാണുന്ന ആത്മീയത്തിലെ ഇത്തരം വ്യാപാരങ്ങൾ.

മറ്റുള്ളവരെ വിധിക്കുമ്പോൾ നാം ആര്? ഈ ചോദ്യത്തിന് ഏത് ഭക്തനേയും ഒരു നിമിഷത്തേക്ക് ചിന്തിക്കുവാൻ തക്ക വൈകാരികഭാവമുണ്ട്. എന്നാൽ നന്മതിന്മകളെ വേർതിരിച്ചറിയാനുള്ള ബുദ്ധിയും കഴിവും ദൈവം നമുക്ക് നൽകിയിട്ടുണ്ട്. നന്മയെ ഉൾകൊള്ളുക തന്നെ വേണം. എന്നാൽ തിന്മയ്ക്ക് നേരെ കണ്ണടയ്ക്കുന്നതും മിണ്ടാതിരിക്കുന്നതും അതിനനുരൂപപ്പെടുകയും പിന്തുണയ്ക്കുകയുമാണ്. ആത്മീയത്തിലെ കച്ചവട ദൃഷ്ടിയിൽ നിന്നും അകലം പാലിക്കാനാണ് ഒരു ഭക്തർ ശ്രമിക്കേണ്ടത്.

ആരംഭത്തെക്കാൾ അന്ത്യം മനോഹരമായിരിക്കണമെന്നും ആദിയിങ്കൽ കയ്പേറിയാലും അവസാനിക്കുന്നത് മധുരതരമായിരിക്കണമെന്നുമാണ് ഒരു യഥാർത്ഥ ഭക്തന്റെ ആഗ്രഹം. പക്ഷെ ആഗ്രഹിച്ചതു കൊണ്ടു മാത്രമായില്ല, പ്രായോഗിക ജീവിതത്തിൽ അതിനായുള്ള പരിശ്രമത്തിൽ മുന്നേറണം. വലിയ ശുഭ പ്രതീക്ഷകളോടും അത്യുത്സാഹത്തോടും ആത്മീയ ജീവിതം നയിച്ച പലരും വീണുപോയ ലോകത്താണ് നാം നില്ക്കുന്നത്. ആത്മീയത്തിലെ നല്ല അംശം തിരഞ്ഞെടുക്കാം. അത് തന്നെയാണ് ആത്മീയവും.



## ഡോ.കോര സംസാരിക്കുന്നു

1. കേരളത്തിലെ പെന്തെക്കോസ്ത് സഭകളിൽ ശവസംസ്കാര ശുശ്രൂഷയും വിവാഹ ശുശ്രൂഷയുമൊക്കെ നടത്തുവാൻ നേതാക്കന്മാരെ കിട്ടുന്നില്ല. ഇവരെല്ലാം എവിടെയാണെന്ന് അറിയാമോ കോരേ? **- എബി, കുമ്പനാട്**

*ഇത് കൊയ്ത്തുകാലമാകയാൽ ഇവരെല്ലാം ഇപ്പോൾ കൊയ്ത്തു നടക്കുന്ന അമേരിക്കയിലാണ്.*

2. യു. കെ. യിലെ ഐ. പി. സിയിൽ എന്തൊക്കെയോ പ്രശ്നങ്ങളാണെന്ന കത്ത് കോര കണ്ടോ? **- ജോർജ്ജ്, കുമ്പനാട്**

*ഉപ്പ് തിന്നവൻ വെള്ളം കുടിക്കും എന്ന പഴഞ്ചൊല്ല് കേട്ടിട്ടില്ലേ.*

3. പ്രസംഗിക്കുവാൻ കഴിവും കൃപയുമുള്ള ചർച്ച് ഓഫ് ഗോഡ് പ്രസംഗകർ അമേരിക്കയിലെത്തിയിരിക്കുന്നു. അതുകൊണ്ട് വല്ല പ്രയോജനവും ഉണ്ടോ? **- മോൻസി, മുളക്കുഴ**

*പ്രയോജനമേ ഉള്ളൂ. കോപ്പിയടി വീരനായ തട്ടിപ്പ് പ്രസംഗകൻ കളത്തിനുപുറത്തായി തുടങ്ങിയിരിക്കുന്നു.*

4. ചെങ്ങന്നൂർ, പാണ്ടനാട് പ്രദേശങ്ങളിൽ ഒരു സഭ കലക്കി പ്രവാചകൻ ചുറ്റിസഞ്ചരിക്കുന്നു എന്നൊരു വാർത്ത കോര അറിഞ്ഞോ? **- ബിജു, പാണ്ടനാട്**

*കോര അറിഞ്ഞു. അന്വേഷണവും പുരോഗമക്കുന്നു. പെന്തെക്കോസ്തുകാർ എത്രകൊണ്ടാലും പഠിക്കാത്തവരാകയാൽ ഇത്തരക്കാർക്ക് ഇനിയും അവസരം ലഭിക്കും. കൂടുതൽ കാര്യങ്ങൾ കോര പിന്നാലെ പറയാം.*

## കവിത



അക്സ കെ. മാത്യു
കാനഡ

## സാന്ത്വനം

സാന്ത്വനം അപ്പനും അമ്മയും എന്നറിഞ്ഞു ഞാൻ
എൻ ശൈശവ ബാല്യകാലാന്തരേ
അവർ പാകി വചനമാം വിത്തും പത്ഥ്യോപദേശവും
പിഞ്ചുഹൃദയത്തിൽ ഉടമയായിരുന്നെന്നിൽ

സാന്ത്വനം കൂട്ടുകാരെന്നു നിനച്ചുഞാൻ വൃഥാ
എൻ കൗമാര ചാപല്യത്തിൽ നാളുകളിൽ
വൃഥാവായിത്തീർന്നു സുഹൃത്തുക്കളെങ്കിലും
വചനമാം വിത്തുകൾ നാമ്പിട്ടെൻ അകതാരിൽ

യൗവനകാലേ കുടുംബമെൻ സാന്ത്വനം
എന്നു നിനച്ചു ഞാൻ നാൾകൾ കഴിക്കവേ
ജീവിതയാഥാർത്ഥ്യം എൻ കാതിൽ മന്ത്രിച്ചു
പരിമിതിയുണ്ടതിൽ സ്നേഹത്തിനുമെന്ന്

സാന്ത്വനം ക്രിസ്തുവാണെന്നും അതിന്നാഴം
അളവറ്റതാണെന്നും അറിഞ്ഞു ഞാൻ
എന്നിട്ടും എന്തിനോ പരതുന്നീ ഭൂവിൽ ഞാൻ
സാന്ത്വനം സാന്ത്വനം എവിടെയെന്നറിയുവാൻ

## പ്രതികരണം

# പെന്തെക്കാസ്തുകാർ കേരളത്തിലെ താലിബാനിസ്റ്റുകളെന്ന് ബെന്യാമീൻ

റോബിൻ ശാമുവേൽ

**പെ**ന്തെക്കോസ്തുകാർക്കെതിരെ കടുത്ത ആക്ഷേപങ്ങളുമായി ബെന്യാമിന്റെ പുതിയ പുസ്തകം വിപണിയിൽ. "ഗ്രീൻ സോണിനു വെളിയിൽ നിന്ന് എഴുതുമ്പോൾ" എന്ന മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച പുസ്തകത്തിലാണ് പെന്തെക്കോസ്തുകാരെ ബെന്യാമീൻ കേരളത്തിലെ താലിബാനിസ്റ്റുകളെന്ന് ആക്ഷേപിച്ചിരിക്കുന്നത്.

പ്രവാസജീവിതത്തിന്റെ കഥ പറഞ്ഞ 'ആടുജീവിതം' എന്ന നോവലിലൂടെ മലയാള സാഹിത്യലോകത്ത് പ്രശസ്തി നേടിയ പത്തനംതിട്ട കുളനട സ്വദേശിയായ ബെന്യാമീന്റെ ലേഖനങ്ങളുടെയും നിരീക്ഷണകുറിപ്പുകളുടെയും സമാഹാരമാണ് 'ഗ്രീൻ സോണിനു വെളിയിൽ നിന്ന് എഴുതുമ്പോൾ' പ്രസ്തുത പുസ്തകത്തിലെ 'പെന്തെക്കോസ്തുകാർ മധ്യതിരുവിതാംകൂറിനു നല്കിയ സംഭാവനകൾ' എന്ന ലേഖനത്തിലാണ് നോവലിസ്റ്റ് പെന്തെക്കോസ്തുകാർക്കെതിരെ ആക്രമണമഴിച്ചു വിടുന്നത്. "1925ൽ റോബർട്ട് കുക്ക് എന്നൊരു സായിപ്പ് ഇവിടെയെത്തി 63 പേരെ സ്നാനം കഴിപ്പിച്ചതോടെയാണ് കേരളത്തിൽ പെന്തെക്കോസ്ത് സഭകളുടെ ആരംഭം കുറിക്കുന്നത്"- എന്നു തുടങ്ങുന്ന ലേഖനത്തിൽ പെന്തെക്കോസ്ത് സഭകളുടെ വളർച്ചയെ കേരളാകോൺഗ്രസിനോടാണ് ഉപമിക്കുന്നത്. പെന്തെക്കോസ്തുകാർ സഭകളിൽ ആളെ കൂട്ടിയത് ഗൾഫിലേക്കും അമേരിക്കയിലേക്കും വിസയും ജോലിയും സമ്മാനിച്ചാണെന്നും ബെന്യാമീൻ കണ്ടെത്തുന്നു.

മധ്യതിരുവിതാംകൂറിൽ മതസൗഹാർദ്ദം തകർക്കുന്നതിൽ പെന്തെക്കോസ്ത് സഭ വഹിച്ച പങ്ക് ആർക്കും തള്ളിക്കളയാനാകില്ല എന്നാണ് അടുത്തവാദം. പെന്തെക്കോസ്തുകാരുടെ ലഘുലേഖകളും പ്രസംഗങ്ങളും മനുഷ്യന്റെ സാധാരണ ചെയ്തികളെപ്പോലും പാപങ്ങളായി കാണുന്നു; ഗാന്ധിയും മദർ തെരേസയും പെന്തെക്കോസ്തുകാർ അല്ലാത്തതിനാൽ സ്വർഗ്ഗത്തിൽ പോകില്ലെന്നു പറയാൻ ഇവർക്കു ധൈര്യമുണ്ടായി. ഭാരതത്തിലെ 2000 വർഷത്തെ




ക്രിസ്തീയ പാരമ്പര്യത്തെ തമസ്കരിക്കുന്നു; പെന്തെക്കോസ്തുകാർ വന്നതിനു ശേഷമാണ് കേരളത്തിൽ യഥാർത്ഥ ക്രിസ്ത്യാനികൾ ഉണ്ടായതെന്ന വ്യാജ ചരിത്രം സൃഷ്ടിക്കുന്നു തുടങ്ങി ആരോപണങ്ങൾ തുടരുകയാണ്.

മധ്യതിരുവിതാംകൂറിൽ ആർ. എസ്. എസിന്റെ വളർച്ചയ്ക്ക് പെന്തെക്കോസ്തുകാർ നല്കിയ സംഭാവനകളെക്കുറിച്ചും ബെന്യാമീൻ വിവരിക്കുന്നുണ്ട്. പെന്തെക്കോസ്ത് പ്രസംഗങ്ങളിൽ അന്യമതസ്ഥരെ ദുഷിക്കുകയും കളിയാക്കുകയും പതിവാണത്രെ. വിദേശമിഷനറിയുടെ കൈവെട്ടിയതിനെയും സുവിശേഷയോഗം അലങ്കോലമാക്കിയതിനെയും ന്യായീകരിക്കുന്നുമുണ്ട് ബെന്യാമീൻ.

ബൈബിൾ ഒഴികെ മറ്റേതൊരു പുസ്തകവും വായിക്കുന്നതും സിനിമ കാണുന്നതും പാട്ടുകേൾക്കുന്നതുമെല്ലാം ദൈവനിഷേധവും കൊടിയപാപവുമാണെന്ന് പെന്തെക്കോസ്തുകാർ പറയുന്നത്രെ. അന്യമതസ്ഥരെ പരിഹസിക്കുന്നതു കൂടാതെ ഇവിടെ കടുത്ത ഭീഷണിയും പീഢയും സഹിക്കുന്നുവെന്ന് പ്രചരിപ്പിച്ച് വിദേശ ഫണ്ട് സ്വരൂപിക്കുന്നുവെന്നു ലേഖനത്തിൽ ആരോപിക്കുന്നു. നന്നായി വാചകമടിക്കാനുള്ള കഴിവ് മാത്രമാണ് ഉപദേശിയാകാനുള്ള കഴിവെന്നാണ് ബെന്യാമീന്റെ കണ്ടെത്തൽ.

ചുരുക്കത്തിൽ പെന്തെക്കോസ്തുകാരെ സമൂഹത്തിൽ താറടിക്കുന്ന നിലയിലാണ് ലേഖനം തയ്യാറാക്കിയിരിക്കുന്നത്. മറ്റാരുമല്ല പെന്തെക്കോസ്തുകാർ മാത്രമാണ് സകലപ്രശ്നങ്ങൾക്കും കാരണം എന്ന നിലയിലാണ് ബെന്യാമീന്റെ ലേഖനം. കേരള സാഹിത്യ അക്കാഡമി അവാർഡ് നേടുകയും ഇതിനോടകം 100 പതിപ്പുകൾ പിന്നിടുകയും ചെയ്ത 'ആടുജീവിതത്തിന്റെ' സൃഷ്ടാവിന്റെ കൃതികൾ സ്വഭാവികമായും വായിക്കപ്പെടും. അതു കൊണ്ടു തന്നെ "ഗ്രീൻ സോണിനു വെളിയിൽ നിന്ന് എഴുതുമ്പോൾ" കൂടുതലായി ചർച്ച ചെയ്യപ്പെടുകയും പെന്തെക്കോസ്തുകാരെപ്പറ്റി മോശമായ ചർച്ച രൂപപ്പെടുന്നതിന് കാരണമാവുകയും ചെയ്യുമെന്നതിൽ സംശയമില്ല.

യാതൊരു വിധ പഠനങ്ങളുമില്ലാതെയും മുൻ വിധിയോടെയും പാരമ്പര്യ ക്രൈസ്തവ വിഭാഗങ്ങളുടെ പാരമ്പര്യങ്ങളെ സംരക്ഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയും തയ്യാറാക്കിയതാണ് ലേഖനമെന്ന് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ടു തന്നെയാണ് 1925-ൽ കുക്ക് സായിപ്പ് സ്നാനം നടത്തിയ കഥയും, ഗൾഫിലും അമേരിക്കയിലുമൊക്കെ കൊണ്ടുപോകാമെന്ന് പറഞ്ഞ് 'പെന്തെക്കോസ്തുകാരാക്കിയ കഥയുമൊക്കെ എഴുതുപിടിപ്പിച്ചിരിക്കുന്നത്. മധ്യതിരുവിതാംകൂറിൽ മതസൗഹാർദ്ദം തകർക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചത് പെന്തെക്കോസ്തുകാരാണ് എന്ന് പറഞ്ഞു വെക്കുന്നതിലൂടെ വേട്ടക്കാരനൊപ്പം ഓടുന്ന സമീപനമാണ് ബെന്യാമീൻ കാട്ടുന്നതെന്ന് പറയാതെ വയ്യ. പെന്തെക്കോസ്തു സമൂഹത്തിന് പ്രതികരണശേഷി കുറവായതിൽ എന്ത് ഉണ്ടയില്ലാ വെടിയും പൊട്ടിക്കാനും എളുപ്പമാണല്ലോ?.

ബൈബിളല്ലാതെ മറ്റൊരു പുസ്തകവും വായിക്കരുതെന്നാണ് പെന്തെക്കോസ്തർ പറയുന്നതെന്ന് ബെന്യാമീൻ എഴുതുമ്പോൾ പെന്തെക്കോസ്തുകാരെപ്പറ്റി ബെന്യാമീനൊരു 'ചുക്കും' അറിയില്ലെന്നാണ് വ്യക്തമാക്കുന്നത്. പെന്തെക്കോസ്തുകാർക്ക് ആരാധനയെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചും പാപത്തെക്കുറിച്ചുമൊക്കെ വ്യക്തമായ ധാരണയാണുള്ളത്. ആ വിശ്വാസങ്ങൾ വെച്ചു പുലർത്താനും, അവ പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശം ഭരണഘടന ഉറപ്പു നല്കുന്നുണ്ട്. അവ സമൂഹത്തിന് ദോഷം വരുത്തുന്നില്ല എന്നു മാത്രമല്ല, സമൂഹത്തിന് ഗുണം ചെയ്യുന്നുണ്ടതാനും. രക്ഷാമാർഗ്ഗത്തിലേക്ക് വന്ന നിരവധി ക്രിമിനലുകളും മദ്യപാനികളും, സാമൂഹിക വിരുദ്ധരും തങ്ങളുടെ മുൻകാലജീവിതമുപേക്ഷിച്ച് സമൂഹത്തിന് കൊള്ളാവുന്നരായി ജീവിക്കുന്നതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാട്ടാൻ കഴിയും. പിതാക്കന്മാർ ഇട്ട അതിരുകളിൽ, അഥവാ വിശ്വാസ പ്രമാണങ്ങളിൽ ഉറച്ചു നില്ക്കുന്നതു കൊണ്ട് താലിബാനിസ്റ്റുകൾ എന്നാരു വിളിച്ചാലും അത് പക്വതയില്ലായ്മ കൊണ്ടാണെന്ന് കാലം തെളിയക്കും.

ബെന്യാമീൻ അറിയാൻ ഒന്നുകൂടി: ഈ കഴിഞ്ഞ ദിവസമാണ് ഇടുക്കി ബിഷപ്പ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ "മതസൗഹാർദ്ദത്തിനുവേണ്ടി' പ്രസംഗിച്ചതും അങ്ങ് തിരുവനന്തപുരം വരെ അതിന്റെ അലയൊലികൾ ഉയർന്നതും.

## കല്ലുകടി

# പെന്തെക്കോസ്തിലെ വോട്ട് കച്ചവടക്കാർ

**ഇ**ന്ന് പെന്തെക്കോസ്തുകാർ എല്ലാ നിലയിലും വളർന്നു കഴിഞ്ഞു. സമുദായ സഭകളെപ്പോലെ അംഗബലം കൊണ്ട് മറ്റുള്ളവർ പരിഗണിക്കത്തക്ക നിലയിൽ പെന്തെക്കോസ്തുകാർ വളർന്നു പന്തലിച്ചിരിക്കുന്നു. എല്ലാ തെരഞ്ഞെടുപ്പുകളിലും വോട്ട് വിൽപ്പനയ്ക്കായി ഇറങ്ങുന്ന കുറച്ചു വിദ്വാന്മാരെ പെന്തെക്കോസ്തിൽ കാണാൻ കഴിയും. പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെ നേതാക്കന്മാർ മൗനം ആയിരിക്കുമ്പോൾ ചില ഛോട്ടാ ഉപദേശിമാർ പെന്തെക്കോസ്തിന്റെ നടത്തിപ്പുകാരായി ചാക്കിൽ വോട്ടും നിറച്ച് രാഷ്ട്രീയക്കാരുടെ പിന്നാലെ പോകുന്നത് പതിവായിരിക്കുന്നു. ഇക്കുറി ഉപതെരഞ്ഞെടുപ്പ് സമയത്ത് പെന്തെക്കോസ്തുകാരെ തൂക്കിവിൽക്കാൻ ഇറങ്ങിയവർ മുന്നണി വ്യത്യാസമില്ലാതെ രാഷ്ട്രീയക്കാരുടെ പിന്നാലെ ആയിരുന്നു. മസ്ക്കറ്റ് ഹോട്ടലിൽ മീറ്റിംഗ്, സെക്രട്ടറിയേറ്റ് പടിക്കൽ സമരം, ആര്യനാട്ട് ഭവനസന്ദർശനം ഇവയ്ക്കെല്ലാമായി മുന്നിൽ നിന്നത് കുറെ ഉപദേശിമാരാണ്. ഇത്ര ഉത്സാഹവും സമർപ്പണവും ഇക്കൂട്ടർ കാണിക്കുമ്പോൾ പിന്നാമ്പുറത്ത് എന്തൊക്കെയോ കയ്യിൽ തടഞ്ഞ ലക്ഷണമുണ്ട്. വലതുപക്ഷണത്തിനും ഇടതുപക്ഷത്തിനും വേണ്ടിയാണ് സാധാരണ ഇപ്പണി നടത്താറുള്ളത്. എന്നാൽ ഇക്കുറി ബി. ജെ. പി. ക്കുവേണ്ടിയും വോട്ട് പിടിക്കാൻ പെന്തെക്കോസ്തുകാർ ഇറങ്ങി എന്നു കേട്ടാൽ അതിശയിക്കേണ്ട. പെന്തെക്കോസ്തു മുഴുവനും തങ്ങളുടെ ചാക്കിനകത്താണെന്നും തങ്ങളാണ് അനിഷേധ്യ നേതാക്കന്മാരെന്നും ആണ് ഇവർ രാഷ്ട്രീയക്കാരെ ധരിപ്പിക്കുന്നത്. പക്ഷെ പെന്തെക്കോസ്തിനകത്ത് മത്സരിച്ചാൽ കെട്ടിവെച്ച കാശ് കിട്ടാത്ത പുള്ളികളാണ് ഇവരൊക്കെ. സുവിശേഷം പറയാൻ വീടുകളിൽ കയറാത്തവർ വോട്ടിനു വേണ്ടി വീട് കയറുന്നു. വെയിലുകൊണ്ടാൽ ക്ഷീണിക്കുന്നവർ വെയിലത്ത് വോട്ട് തെണ്ടി നടക്കുന്നു. ഇതിനെല്ലാം കാരണം പണമോ മറ്റെന്തെങ്കിലും നേട്ടമോ ആകുമെന്നതിൽ സംശയമില്ല. പെന്തെക്കോസ്ത് എന്താണെന്ന് അറിയാത്ത ആളുകൾക്ക് പെന്തെക്കോസ്തിനെക്കുറിച്ച് ഉള്ള വികലമായ കാഴ്ചപ്പാട് ഇക്കൂട്ടർ നൽകുകയാണ്. ലോകം അനുകൂലമല്ല എന്ന് കണ്ട് അന്യരും പരദേശികളും എന്ന് എണ്ണിയവരുടെ പിൻതലമുറ ലോകം കരസ്ഥമാക്കാൻ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ കാണുമ്പോൾ നമുക്ക് ഇങ്ങനെ പ്രാർത്ഥിക്കാം. കർത്താവേ, വേഗം മടങ്ങിവരണമേ...

**അടിക്കുറിപ്പ്:** വോട്ട് കച്ചവടത്തിനുവേണ്ടി ഇവർ കാണിക്കുന്ന ആക്രാന്തത്തിനു കാരണമെന്താണ്? കാരണം ഒന്നു മാത്രം. ദീപസ്തംഭം മഹാശ്ചര്യം, നമുക്കും കിട്ടണം പണം.

ലേഖനം

# ആത്മീയ ലോകത്തെ വ്യാപാര ദൃഷ്ടികളും വ്യതിചലിക്കുന്ന പ്രമാണങ്ങളും



ജോൺസ് പി. മാത്യൂസ്
ടെന്നസ്സി

**1988** സെപ്റ്റംബർ 18-ലെ മലയാള മനോരമയിൽ പ്രമുഖ ലോംഗ്ജംപ് താരമായ ബെളിംഗ്ടൺ വില്യംസ് സോൾ ഒളിമ്പിക്സ് ബഹിഷ്കരിക്കുവാൻ തീരുമാനിച്ച വിവരം എഴുതിയിരുന്നു. ലോംഗ്ജംപ് ഹീറ്റ്സ് ആരംഭിക്കുന്നത് ഒരു ഞായറാഴ്ചയാണെന്നുള്ളതായിരുന്നു അതിന് കാരണം. ഇതേ കാരണം കൊണ്ടുതന്നെ 1924-ലെ പാരീസ് ഒളിമ്പിക്സിലെ 100 മീറ്റർ ഓട്ടം ബഹിഷ്കരിച്ച എറിക്ക ലിഡലിനെ പറ്റിയും പരാമർശിച്ചിരുന്നു. എറിക്ക ലിഡൽ സ്കോട്ട്ലണ്ടിലെ ഏറ്റവും വലിയ താരവും ഒരു മിഷണറിയാകാൻ ഒരുങ്ങിയിരിക്കുന്ന വൈദീക വിദ്യാർത്ഥിയുമായിരുന്നു. 100 വാര ഓട്ടത്തിൽ ബ്രിട്ടീഷ് റിക്കാഡിന്റെ ഉടമയായിരുന്ന അയാൾ സ്വർണ്ണം ഉറപ്പായിരുന്നെങ്കിലും ഞായറാഴ്ചയായതിനാൽ ഓട്ടം വേണ്ടെന്ന് വെച്ചത് ഏവരേയും ഞെട്ടിച്ചു. പകരം 400 മീറ്ററിൽ ഓട്ടത്തിൽ ഓടുവാൻ കിണഞ്ഞു പരിശീലിച്ച് അതേ ആഴ്ചയിൽ തന്നെ പാരീസിൽ ഓടുവാൻ അദ്ദേഹം തയ്യാറായി. മത്സരം തുടങ്ങുന്നതിന് ഏതാനും നിമിഷങ്ങൾക്ക് മുമ്പ് അപരിചതനായ ഒരാൾ ഒരു കടലാസ് എറിക്കിനെ ഏൽപിച്ചു.

അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നു "എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കും (1 ശമു. 2:20). കേവലം 47.6 സെക്കന്റുകൾ കഴിഞ്ഞപ്പോൾ അജ്ഞാത സുഹൃത്തിന്റെ പ്രവചനം ഫലിച്ചു. അതുവരെ ലോകം കണ്ടതിൽ വച്ച് ഏറ്റവും വേഗതകൂടിയ ഓട്ടക്കാരൻ എന്ന ബഹുമതി എറിക്കിന് ലഭിച്ചു. പ്രമാണങ്ങളിൽ നിന്നും വ്യതിചലിക്കാതെയുള്ള പഴയ ആത്മീയ തീഷ്ണതയിൽ നിന്നും വിരലിലെണ്ണാവുന്ന വർഷങ്ങൾ പിന്നിട്ടപ്പോഴേയ്ക്കും ആത്മീയാന്തരീക്ഷം ആകെ മാറിയിരിക്കുന്നു. പ്രമാണങ്ങളിൽ നിന്ന് വ്യതിചലിക്കാതെയുള്ള പഴയ ആത്മീയ ജീവിതരീതിയും കലുഷിതമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ആത്മീയ ജീവിതത്തിന്റെ രീതിയും തമ്മിലുള്ള വ്യത്യാസം കുറിക്കുകയാണ് മേൽ ഉദ്ധരിച്ച ഉദാഹരണം. സ്വർണ്ണം ലഭിക്കുമെന്നറിഞ്ഞിട്ടും ഞായറാഴ്ചയായതിനാൽ കളിക്കളത്തിലിറങ്ങാതെ ലഭിച്ച അവസരം നിരസിച്ച എറിക്ക് എന്ന ഓട്ടക്കാരൻ പിൻതലമുറയ്ക്ക് മാതൃകയായി തീർന്നെങ്കിൽ, 'ഞാൻ വലിയ ഭക്തൻ' എന്ന് അഭിമാനിക്കുന്ന കേരളത്തിലെ ഒരു വലിയ ആത്മീയ നേതാവ് ആരാധനയുടെ പകുതിയായപ്പോൾ അവിടെ നിന്നും മുങ്ങി. പിന്നെ കണ്ടത് എറണാകുളത്തെ നക്ഷത്രഹോട്ടലിൽ തന്റെ മണിചെയിൻ ബിസിനസ് ശൃംഖലയുടെ മീറ്റിംഗിൽ അധ്യക്ഷനായി കസേരയിൽ ഇരിക്കുന്ന കാഴ്ചയാണ്. ആത്മീയ വ്യവസായത്തിന്റെ മറ്റൊരു മുഖം ഈ സംഭവം ചില ഒച്ചപ്പാടുകൾക്ക് കാരണമായെങ്കിലും സ്വാധീനശക്തികൊണ്ട് ഇരുചെവിയറിയാതെ നേതാവ് കാര്യം ഒതുക്കി തീർത്തു. ഇത്തരം നേതാക്കൾ അമേരിക്കയിൽ വരുമ്പോൾ കൊട്ടാരതുല്യമായ വീടും പദവിയുടെ വലിപ്പം അനുസരിച്ച് ചെക്കിന്റെ വലുപ്പവും കൂട്ടി സൽക്കരിക്കാൻ അമേരിക്കൻ മലയാളികൾ എന്നും മുന്നിലാണ്.

പ്രക്ഷുബ്ധ കടലിന്റെ അവസ്ഥയിലാണ് ആത്മീയലോകം ഇന്ന് എത്തപ്പെട്ടുനിൽക്കുന്നത്. പണ്ടൊക്കെ സഭാകമ്മറ്റിയിൽ കയറിപ്പറ്റണമെങ്കിൽ, സെക്രട്ടറിയാകണമെങ്കിൽ എന്തിനേറെ...തമ്പേറടിക്കണമെങ്കിൽ പോലും ആ വ്യക്തി പരിശുദ്ധാത്മാവ് നിറഞ്ഞവനായിരിക്കണമെന്ന വ്യവസ്ഥിതിയിൽ നിന്നും മാറി, ആത്മീയ ലോകം ഇന്ന് മലക്കം മറിഞ്ഞിരിക്കുകയാണ്. അല്പം കൂടി പുറകോട്ട് ചിന്തിച്ചാൽ പഴയകാല ആത്മീയരിൽ ക്രിമിനലുകൾ ഇല്ലായിരുന്നു. കച്ചവട താൽപര്യം മുൻനിർത്തിയുള്ള ആത്മീയ 'വ്യാപാരം' അന്നില്ലായിരുന്നു. മാതൃകാപരമായ ജീവിതം നേതാക്കളിലും ദൈവജനങ്ങളിലും പ്രകടമായിരുന്നു. ഒരു വ്യക്തിയുടെ തെറ്റ് ചൂണ്ടിക്കാണിക്കാൻ യോഗ്യതയുള്ള ആത്മീയ നേതാക്കൾ അന്ന് നമുക്കുണ്ടായിരുന്നു. ഇന്നത്തെ സ്ഥിതി അതല്ലാ; സ്വന്തം കണ്ണിൽ കോലിരിക്കുമ്പോൾ അപരന്റെ കണ്ണിലെ കരട് എടുക്കുവാൻ ശ്രമിക്കുകയാണ് നമ്മിൽ പലരും. ഒരു പറ്റം ക്രൈസ്തവ വിഭാഗങ്ങളെ രക്ഷിക്കപ്പെടാത്തവരെന്നും സമുദായസ്ഥരെന്നും വേർതിരിച്ചു നിർത്തുമ്പോൾ ആത്മീയരെന്ന് അഭിമാനിക്കുന്നവരിൽ ക്രിമിനലുകൾ വർദ്ധിക്കുകയും കച്ചവടങ്ങൾ കൊഴുക്കുകയും ചെയ്യുന്നത് കണ്ടില്ലെന്ന് നടിക്കാനാവില്ല.

ആത്മീയരിൽ ക്രിമിനൽ സ്വഭാവമുള്ളവർ ക്രമാതീതമായി വളർന്നിരിക്കുന്ന കാലഘട്ടമാണിത്. ഇന്ന് ക്രൈസ്തവ മാധ്യമങ്ങൾ ചർച്ചാ വിഷയമാക്കി മാറ്റിയിരിക്കുന്ന ഒരു ചോദ്യമാണിത്. മാതൃകയായി നിൽക്കേണ്ട ശുശ്രൂഷകർ ഉൾപ്പെടെയുള്ള ആത്മീയ നേതാക്കൾ തങ്ങളുടെ പ്രമാണം വിട്ട് സഞ്ചരിക്കുകയാണ്. "ആശാനൊന്നു പിഴച്ചാൽ ശിഷ്യർക്ക് പത്തു പിഴയ്ക്കും" എന്ന രീതിയാണ് വിശ്വാസികളുടെ അവസ്ഥയും. എന്തെല്ലാം തട്ടിപ്പുകളിലൂടെയാണ് ആത്മീയ നേതാക്കളുടെ വ്യവസായം മുന്നോട്ട് കുതിക്കുന്നത്. സൈഡ് ബിസിനസ്സായി എത്രയോ വ്യാപാരങ്ങൾ, മാമാപ്പണി, മണിചെയിൻ, ആംവേ, കാന്തകിടക്ക, വിസ കച്ചവടം, യെരുശലേം യാത്രയിലെ വ്യാപാരക്കണ്ണുകൾ, നഴ്സിംഗ് പഠനത്തിന് അഡ്മിഷൻ തരപ്പെടുത്തി കൊടുക്കുന്നതിലൂടെ ലഭിക്കുന്ന കമ്മീഷനുകൾ. അങ്ങനെ എന്തെല്ലാം "ശുശ്രൂഷകൾ" ആത്മീയ ലോകത്ത് അരങ്ങുതകർക്കുന്നു.

വിശ്വാസികൾക്ക് വഴി കാട്ടിയവരാണ്. പുതുതലമുറ ആരേ കണ്ടാണ് പഠിക്കേണ്ടത്? മാതൃകയാകേണ്ടവർ ഇങ്ങനെയെങ്കിൽ മാതൃകയാക്കേണ്ടത് ആരേയാണ്?

പഴയകാലത്ത് അഭിഷിക്തനു നേരെ കൈ ചൂണ്ടില്ലായിരുന്നു. എന്തെന്നാൽ ചൂണ്ടാൻ തക്ക കാരണങ്ങൾ അവരിൽ വിരളമായിരുന്നു. സ്നേഹമായിരുന്നു അവരുടെ പ്രമാണം. സഹവർത്തിത്വം ജീവിതത്തിന്റെ ഭാഗമായിരുന്നു. പകരം കച്ചവടകണ്ണുകൾ സ്ഥിര പ്രതിഷ്ഠ നേടിയിരിക്കുന്നു. വിശ്വാസ സമൂഹം ഇന്ന് പ്രബുദ്ധരാണ്. എല്ലാത്തിനേയും വിവേചിച്ചറിയാനുള്ള കഴിവ് ആർജ്ജിച്ചിട്ടുണ്ട്. അതിനാൽ തന്നെ അനീതിക്കെതിരെ ശബ്ദമുയർത്തുന്നതും തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതും സാർവ്വത്രികമായിരിക്കുന്നു. എന്നാൽ ഇതൊന്നും പാടില്ലെ

04




## ഐ.പി.സി കേരളാ സ്റ്റേറ്റ് കൺവൻഷൻ തൃശൂരിൽ

**കുമ്പനാട്:** ഐ. പി. സി. കേരളാ സ്റ്റേറ്റിന്റെ നാലാമത് കൺവൻഷൻ 2015 ഡിസംബർ 2 ബുധൻ മുതൽ 6 ഞായർ വരെ തൃശൂർ പറവട്ടാനി കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടക്കും.

ഐ.പി.സി മുൻ ജനറൽ, സ്റ്റേറ്റ് പ്രസിഡന്റായിരുന്ന പാസ്റ്റർ കെ.എം ജോസഫ് സ്റ്റേറ്റ് കൺവൻഷൻ രക്ഷാധികാരിയായി തെരഞ്ഞെടുത്തു. കൺവൻഷൻ സബ് കമ്മറ്റികളെ തിരഞ്ഞെടുക്കുന്നതിനു വേണ്ടി സ്റ്റേറ്റ് കൗൺസിലിന്റെയും പ്രതിനിധികളുടെയും പ്രത്യേക യോഗം ജൂൺ 9 ചൊവ്വാഴ്ച തൃശൂർ നെല്ലിക്കുന്ന് ഐ.പി.സി. ഹാളിൽ നടന്നു.

സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല, ആക്ടിങ്ങ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ, ജോ. സെക്രട്ടറി എൽ.കെ. റോയി, ട്രഷറാർ സണ്ണി മുളമൂട്ടിൽ എന്നിവർ പ്രസംഗിച്ചു.

കൗൺസിൽ അംഗങ്ങളിൽ പാസ്റ്റർമാരായ സി.സി. ഏബ്രഹാം, ബാബു ഏബ്രഹാം, രാജു ആനിക്കാട്, സുനിൽ വേട്ടമല, സാംകുട്ടി ജോൺ, ജോസഫ് കെ. മാത്യു, സാം ദാനിയേൽ, സഹോദരന്മാരായ കുര്യൻ ജോസഫ്, മോനി കരിക്കം, ഡി. അലക്സാണ്ടർ, ഗ്ലാഡ്സൺ ജേക്കബ്, ജോജി ഐപ്പ് മാത്യൂസ്, ജോസ് ജോൺ, രാജു മാത്യു, പി.പി. ജോൺ, സജി മത്തായി കാതേട്ട്, കെ.പി. ജോസ്, ജെയിംസ് വർക്കി എന്നിവർ പ്രസംഗിച്ചു. തൃശൂർ, പാലക്കാട്, എറണാകുളം റവന്യു ജില്ലകളിലെ സെന്റർ ശുശ്രൂഷകന്മാരും സഭാ പാസ്റ്റർമാരും പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുത്തു.

## ഐ. പി. സി. തൃപുര സ്റ്റേറ്റ് കൺവൻഷൻ

**അഗർത്തല:** ഐ. പി. സി. തൃപുര സ്റ്റേറ്റ് 9-ാമത് വാർഷിക കൺവൻഷനും പ്രവർത്തക സമ്മേളനവും ആഗസ്റ്റ് 8,9 തീയതികളിൽ ഗോമതി ജില്ലയിലുള്ള വിശ്രാംഗഞ്ചിൽ നടക്കും. സ്റ്റേറ്റ് പ്രസിഡന്റ് ഡോ. ജോർജ് മാത്യു ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ ഐ. പി. സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ മുഖ്യ പ്രസംഗകനായിരിക്കും. തൃപുരയിലെ എട്ട് ജില്ലകളിൽ നിന്നുള്ള പ്രവർത്തകർ പങ്കെടുക്കും.

**MATRIMONIAL**

Values, loving, God fearing, born again and baptized. We are seeking proposals from qualified boys who is Pentecostal parents settled in USA invite proposals for their 27 year, 5'4" daughter currently working as a teacher completed bachelor degree in Education. She is born and brought up in USA with Christian family studying or working in USA. Please respond with details and recent pictures to: jpj6916@gmail.com

# നിത്യതയിൽ



**ജോസ് പൊന്നോലിൽ**

**ഫ്ളോറിഡ:** പത്തനംതിട്ട കടമ്മനിട്ട ചാന്തുകാവ് പൊന്നോലിൽ കുടുംബാംഗം കെ.വി. ഏബ്രഹാമിന്റെയും ശോശാമ്മ ഏബ്രഹാമിന്റെയും മകൻ വർഗീസ് ഏബ്രഹാം (ജോസ് പൊന്നോലിൽ-58) ഫ്ളോറിഡയിൽ നിര്യാതനായി. ജൂലൈ 2ന് വ്യാഴാഴ്ച വൈകിട്ട് 6 മുതൽ 9 വരെ ലേക്ക് ലാന്റ് ഐ.പി.സി. ചർച്ചിൽ. ഭൗതീക ശരീരം പൊതുദർശനത്തിന് വെച്ചു. ജൂലൈ 3 വെള്ളിയാഴ്ച രാവിലെ ഒൻപതിന് ഒർലാന്റോ ഇന്ത്യാ പെന്തക്കോസ്തു ദൈവസഭയിൽ സംസ്കാര ശുശ്രൂഷകളും നടത്തി.

ഭാര്യ: ആലീസ് ഏബ്രഹാം കടമ്മനിട്ട കുരീക്കാട്ടിൽ കെ.എസ്. ജോർജിന്റെയും മറിയാമ്മ ജോർജ്ജിന്റെയും മകളാണ്. മക്കൾ: ജെസിക്ക, ജസ്റ്റിൻ ജോനാഥൻ. മരുമകൻ: ജോൺ തോമസ്. ഒർലാന്റോ ഐ.പി.സി. സഭയുടെ സ്ഥാപക കുടുംബാംഗവും സജീവ പ്രവർത്തകനുമായിരുന്നു പരേതൻ. നോർത്ത് അമേരിക്കൻ മലയാളി പെന്തക്കോസ്തു കോൺഫ്രൻസ്, ഐ.പി.സി. ഫാമിലി കോൺഫ്രൻസ് തുടങ്ങിയ വിവിധ കോൺഫ്രൻസുകളുടെ ഭാരവാഹിയായി പ്രവർത്തിച്ചിട്ടുണ്ട് സഹോദരങ്ങൾ: സാം പൊന്നോലിൽ (ന്യൂയോർക്ക്), പാസ്റ്റർ ജെയിംസ് പൊന്നോലിൽ (ഓസ്റ്റിൻ), ബാബു പൊന്നോലിൽ (ഫ്ളോറിഡ), മാത്യു പൊന്നോലിൽ (ന്യൂയോർക്ക്), മേഴ്സി തോമസ് (യു.കെ.), രാജു പൊന്നോലിൽ (ഫ്ളോറിഡ).



**കുഞ്ഞുമോൻ (35)**

**ആയൂർ:** ഐ. പി. സി. ചെറുവള്ളൂർ ശാലേം സഭാംഗം വേങ്ങൂർ തടത്തിവിളപപുത്തൻ വീട്ടിൽ കുഞ്ഞുമോൻ (35) നിത്യതയിൽ. സംസ്കാരം ആയൂർ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് മത്തായിയുടെ നേതൃത്വത്തിൽ 23 നു ചൊവ്വാഴ്ച ഐ. പി. സി. ആയൂർ സെന്ററിന്റെ ചെറുവള്ളൂർ സെമിത്തേരിയിൽ നടത്തി. ഭവനത്തിലെ ശുശ്രൂഷകൾക്ക് സുവി. അജീഷ് ജോൺ നേതൃത്വം നൽകി. പാസ്റ്റർമാരായ ജോൺസൺ ദാനിയേൽ, ജി. തോമസ്കുട്ടി, കെ. ടി. വർഗീസ്, ജോസഫ് മാത്യു, ജോർജ്ജ് രാജൻ, ടി. കെ. അലക്സാണ്ടർ, ജോസ് കാരക്കൽ, അലക്സ് ജോൺ, സണ്ണി അലക്സാണ്ടർ, ഷാജി വേങ്ങൂർ, ഡോ. സി. തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. ഭാര്യ: ആൻസി, മകൾ: ആരാധന.

# വിദ്യാഭ്യാസ സഹായവിതരണം

**കണ്ണൂർ:** ഐ. പി. സി. മലബാർ മിഷൻ ബോർഡിന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ സഹായവിതരണം മെയ് 28നു കണ്ണൂർ ദൈവസഭ ഓഡിറ്റോറിയത്തിൽ നടന്നു. ചെയർമാൻ പാസ്റ്റർ ബാബു ഏബ്രഹാം പഠനോപകരണ വിതരണം ഉദ്ഘാടനം ചെയ്തു. പാസ്റ്റർ സന്തോഷ് മാത്യു അധ്യക്ഷത വഹിച്ചു. കണ്ണൂർ, കാസർകോഡ്, വയനാട് ജില്ലകളിലെ അറുപത് വിദ്യാർത്ഥികൾക്കാണ് സഹായം നൽകിയത്. സൗത്ത് ഫ്ളോറിഡയിലെ ഐ. പി. സി. സഭാശുശ്രൂഷകൻ റവ. കെ. സി. ജോൺ നേതൃത്വം നൽകുന്ന ഗ്രേസ് ഔട്ട് റീച്ച് മിനിസ്ട്രീസാണ് സാമ്പത്തിക സഹായം ചെയ്തത്. മലബാറിലെ സുവിശേഷസാധ്യതയെക്കുറിച്ചുള്ള ചർച്ചയ്ക്ക് സെക്രട്ടറി സജി മത്തായി കാതേട്ട് നേതൃത്വം നൽകി.

# ഏകദിന സെമിനാർ

**കാസർകോഡ്:** ഐ. പി. സി. കാസർകോഡ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സഹോദരിമാർക്കായി ഏകദിന സെമിനാർ മെയ് 29നു കാഞ്ഞങ്ങാട് ടൗൺ ഹാളിൽ നടന്നു. സെന്റർ പാസ്റ്റർ സന്തോഷ് മാത്യു സെമിനാർ ഉദ്ഘാടനം ചെയ്തു പാസ്റ്റർ ബി. ബിനു അദ്ധ്യക്ഷത വഹിച്ചു. കുടുംബജീവിതം ബൈബിൾ വീക്ഷണത്തിൽ എന്ന വിഷയം ആസ്പദമാക്കി സജി മത്തായി കാതേട്ട്, സാം കൊണ്ടാഴി എന്നിവർ ക്ലാസ്സെടുത്തു. സോദരി സമാജം പ്രവർത്തകരായ കുഞ്ഞുമോൾ ജോർജ്, ഡെയ്സി സജി, അന്നമ്മ പൗലോസ് എന്നിവർ നേതൃത്വം നൽകി. സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന എബെൻ-ഏസെർ തയ്യൽ സ്കൂളിന്റെ വാർഷികാഘോഷവും സർട്ടിഫിക്കറ്റ് വിതരണവും നടന്നു.

# പാസ്റ്റേഴ്സ് & ഫാമിലി കോൺഫറൻസ്



പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ



പാസ്റ്റർ ഷിബു കെ. മാത്യു

**പാലക്കാട്:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ പാലക്കാട് ഡിസ്ട്രിക്ടിന്റെ പാസ്റ്റേഴ്സ് ആന്റ് ഫാമിലി കോൺഫറൻസ് ജൂലൈ 11ന് കാഞ്ഞിരപ്പുഴ ദൈവസഭാ ഹാളിൽ പകൽ 10 മുതൽ 3.30 വരെ നടക്കും. ഡിസ്ട്രിക്ട് ശുശ്രൂഷകൻ പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ നേതൃത്വം നൽകും. യുഗാന്ത്യസന്ദേശം ചീഫ് എഡിറ്റർ പാസ്റ്റർ ഷിബു കെ. മാത്യു ക്ലാസ്സുകൾ നയിക്കും.

**BELIEVERS JOURNAL**
P.O. Box No: 31, Manjadi P.O.,
Thiruvalla - 689 105
Email: beljourn@gmail.com / Website: www.beljourn.com

# സഹായം തേടുന്നു

ഐ.പി.സി.യുടെ ഒരു അംഗീകൃതശുശ്രൂഷകനാണ് പാസ്റ്റർ അന്ത്രയോസ് വി. സക്കറിയ. ഐ. പി.സി മണ്ണാർക്കാട് ഏരിയ ഇവാഞ്ചലിസം ബോർഡ് ചെയർമാനായും പ്രവർത്തിച്ചു. ഐ. പി. സി. മാത്തൂരിൽ ഒരു പുതിയ പ്രവർത്തനം വിശ്വാസത്താൽ ആരംഭിച്ച് പ്രവർത്തിച്ച് വരികയായിരുന്നു. ദൗർഭാഗ്യവശാൽ 2014 ജൂൺ 19ന് രാവിലെ 8 മണിക്ക് തനിക്ക് മസ്തിഷ്ക ആഘാതം ഉണ്ടായി. തന്റെ ഇടതുവശം പൂർണ്ണമായി തളർന്നു പോയി. ദൈവദാസന്മാരുടെ ത്യാഗപരമായ പ്രവർത്തനം മൂഖാന്തിരം മലപ്പുറം ജില്ലയിലെ എം.ഇ.എസ് പ്രൈവറ്റ് മെഡിക്കൽ കോളജിൽ എത്തിക്കുകയും വിദഗ്ദമായ ചികിത്സ ലഭിച്ചതിനാലും കൃപയാൽ മരണത്തിന്റെ കൈകളിൽ നിന്ന് വിടുതൽ ലഭിച്ചു. ഇപ്പോഴും ഇടതു കൈയുടെ സ്വാധീനം പൂർണ്ണമാകാത്തതിനാൽ നടക്കുമ്പോൾ ശരീരത്തിന്റെ ബാലൻസ് കിട്ടുന്നില്ല. ഒരു വർഷം പിന്നിട്ട ഈ സമയത്തും എന്തിനും ഏതിനും മറ്റൊരാളുടെ സഹായം വേണ്ടി വരുകയാണ്. ഇപ്പോൾ തലയിൽ പതുക്കെ തൊടാൻ പോലും വയ്യാത്തനിലയിൽ വേദനയും അനുഭവപ്പെടുന്നു. തുടർമാനമായി വിദഗ്ദ ചികിത്സ അത്യാവശ്യമായി വരുന്നു. ഇപ്പോൾ ഒരു വർഷമായി ഭവനത്തിൽ കഴിയുകയാണ്. മറ്റുവരുമാനമാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ല. സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നു. തന്റെ ഭാര്യ ലീലാമ്മയ്ക്കും ഷുഗർ, ബി.പി. ക്രമത്തിലധികമായി വർദ്ധിച്ചു വരുന്നതിനാൽ കൂടെകൂടെ തലക്കറക്കവും മയക്കവും അനുഭവപ്പെടുന്നു. അവരുടെയും ചികിത്സ നടക്കേണ്ടതായുണ്ട്. ചികിത്സാ ആവശ്യത്തിനായി വേണ്ട സാമ്പത്തിക സഹായവും ആത്മാർത്ഥമായ പ്രാർത്ഥനയും ഈ ദൈവദാസനായി അപേക്ഷിക്കുന്നു.

A/C No: 0186053000004018, Bank - South Indian Bank
IFSC CODE SIBL 0000186
Pottassary Branch, Palakkad (Dist)

# ഐ.പി.സി സണ്ടേസ്കൂൾ ഗ്രാഡുവേഷൻ



സണ്ടേസ്കൂൾസ് 15-ാം ക്ലാസ്സ് പൂർത്തിയാക്കിയവർക്ക് സൺഡേസ്കൂൾസ് അസ്സോസിയേഷൻ ഡയറക്ടർ കുര്യൻ ജോസഫ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു.

**കുമ്പനാട്:** ഐ.പി.സി സണ്ടേസ്കൂൾ 15-ാം ക്ലാസ്സ് പൂർത്തിയാക്കിയവരെ ബൈബിൾ സ്കൂൾ പഠനതുല്യരായി കണക്കാക്കണമെന്ന് സണ്ടേസ്കൂൾ അസോസ്സിയേഷൻ ഡയറക്ടർ കുര്യൻ ജോസഫ് അഭിപ്രായപ്പെട്ടു. 15-ാം ക്ലാസ്സ് വിജയകരമായി പൂർത്തിയാക്കിയ 38 വിദ്യാർത്ഥികളുടെ ഗ്രാഡുവേഷൻ ശുശ്രൂഷയിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. പത്താം ക്ലാസ്സ് കഴിഞ്ഞാൽ സൺഡേസ്കൂൾ പഠനം ഗൗരവമായി കാണാത്ത ഭൂരിപക്ഷത്തിനിടയിൽ തങ്ങളുടെ ഉന്നത സെക്കുലർ പഠനത്തോടൊപ്പം 15-ാം ക്ലാസ്സ് പൂർത്തികരിച്ച് വിജയിച്ചവരും മാതാപിതാക്കളും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു എന്നും താൻ പറഞ്ഞു. 600 മണിക്കൂർ പഠനമാണ് സൺഡേസ്കൂളിൽ 15 ക്ലാസ്സുകളിലായി ലഭിക്കുന്നതെന്നും പഠിതാക്കളുടെ ഉത്തവാദിത്വവും പഠനത്തിന്റെ ആകർഷതയും വർദ്ധിപ്പിച്ച് അംഗീകരണം നൽകുന്നതിനു വേണ്ടിയാണ് ഗ്രാഡുവേഷൻ തുടക്കമിടുന്നതെന്നും താൻ പറഞ്ഞു. മെയ് 23ന് ഹെബ്രോൻ ചാപ്പലിൽ നടന്ന ശുശ്രൂഷയിൽ റവ. എബി പീറ്റർ മുഖ്യാതിഥിയായിരുന്നു.

സൺഡേസ്കൂൾസ് അസ്സോസിയേഷൻ ഡയറക്ടർ ബ്രദർ കുര്യൻ ജോസഫ് സർട്ടിഫിക്കറ്റുകൾ നൽകി. കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽനിന്നുള്ള 38 പേർക്കാണ് ഈ ബിരുദം നൽകിയത്. അവരിൽ ചിലർ പൂർണസമയ സുവിശേഷപ്രവർത്തകരാണ്. മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും ചടങ്ങിലെ സജീവപങ്കാളിത്തം ശ്രദ്ധേയമായി.

പരീക്ഷ വിഭാഗം ഡപ്യൂട്ടി ഡയറക്ടർ പാസ്റ്റർ ജോസ് കെ. ഏബ്രഹാം, അസ്സോ. സെക്രട്ടറി. ബ്രസണ്ണി ഏബ്രഹാം എന്നിവർ ഗ്രാഡുവേഷൻ ക്രമീകരണങ്ങൾക്കു നേതൃത്വം നൽകി. പാസ്റ്റർ ടി. എസ് ഏബ്രഹാം അനുഗ്രഹ പ്രാർത്ഥന നടത്തി. ഐ.പി.സി. കേരള ട്രഷറർ ബ്രദ. സണ്ണി മുളമൂട്ടിൽ, പി.വൈ.പി.എ പ്രസിഡന്റ് ബ്രദ. സുധി ഏബ്രഹാം, സോദരി സമാജം പ്രസിഡന്റ് സിസ്റ്റർ. ഏലിയാമ്മ തോമസ് എന്നിവർ ആശംസ അറിയിച്ചു. ജനറൽ സെക്രട്ടറി. പാസ്റ്റർ ജോസ് തോമസ് ജേക്കബ് ആമുഖ പ്രസ്താവനയും നടത്തി. അസ്സോ. സെക്രട്ടറി. ജെയിംസ് അലക്സാണ്ടർ കൃതജ്ഞത അറിയിച്ചു.

# ആക്രമണങ്ങളെ ഐ.പി.സി കൗൺസിൽ യോഗം അപലപിച്ചു

**കുമ്പനാട്:** ആറ്റിങ്ങിലും മലബാറിലും വിശ്വാസികൾക്കും പാസ്റ്റർമാർക്കുമെതിരെ നടന്ന സുവിശേഷവിരോധികളുടെ ആസൂത്രിതമായ ആക്രമണങ്ങളെ ജൂൺ 23-ന് ചേർന്ന ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ യോഗം അപലപിച്ചു. പ്രതികളെ പിടികൂടാതെ സർക്കാർ സംവിധാനം നോക്കുകുത്തിയാകുന്നതിൽ യോഗം ഉത്കണ്ഠ രേഖപ്പെടുത്തി. രാജ്യത്ത് നന്മയും സമാധാനവും കാംക്ഷിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്ന പെന്തെക്കോസ്തുക്കാരെ തെരഞ്ഞുപിടിച്ചാക്രമിക്കുന്നത് ലജ്ജാവഹമെന്നും രാജ്യത്തിന്റെ മതനിരപേക്ഷത തകർക്കുന്ന ഛിദ്രശക്തികളെ അമർച്ച ചെയ്യണമെന്നും കൗൺസിൽ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. യോഗത്തിൽ ആക്ടിംഗ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല അദ്ധ്യക്ഷത വഹിച്ചു. ആക്ടിംഗ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ, ട്രഷറാർ സണ്ണി മുളമൂട്ടിൽ, സജി മത്തായി കാതേട്ട്, ജോജി ഐപ്പ്, പാസ്റ്റർ ബേബി കടമ്പനാട്, കെ.പി. ജോസ് തുടങ്ങിയവർ പ്രസംഗിച്ചു.

# ഐ. പി. സി. ഭാരത പ്രാർത്ഥനയാത്ര ഉദ്ഘാടനം ത്രിപുരയിൽ

**അഗർത്തല:** ഐ. പി. സി. പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണിന്റെ നേതൃത്വത്തിൽ ഭാരതത്തിന്റെ ആത്മീക പുരോഗതിയും സമാധാനത്തിനുമായി നടത്തുന്ന അഖിലേന്ത്യാ പ്രാർത്ഥന യാത്രയുടെ ഉദ്ഘാടനം ആഗസ്റ്റ് 8ന് തൃപുര സ്റ്റേറ്റിന്റെ തലസ്ഥാനമായ അഗർത്തലയിൽ നടക്കും. ഐ. പി. സി. തൃപുര സ്റ്റേറ്റ് പ്രസിഡന്റ് ഡോ. ജോർജ് മാത്യുവിന്റെ അധ്യക്ഷതയിൽ നടക്കുന്ന പ്രസ്തുത സമ്മേളനത്തിൽ ഇൻഡ്യയുടെ വടക്ക് കിഴക്കൻ സ്റ്റേറ്റുകളിൽ നിന്നുള്ള പ്രവർത്തകർ പങ്കെടുക്കുന്നതാണ്.

ധ്യാനം

# ദൈവത്തിന്റെ കാലൊച്ച; ആദാമിന് ആശങ്ക!!



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

ദൈവസാന്നിധ്യമുള്ള ഇടങ്ങളിൽ നമ്മിൽ ഉടലെടുക്കുന്ന അകാരണ ഭയങ്ങൾക്കും ആശങ്കകൾക്കും പിറകിൽ നമ്മുടെ വ്യവഹാര മേഖലയിലെ ക്രമക്കേടുകളോ ആക്കിവെച്ച ഇടങ്ങളിലെ അവിശ്വസ്തതയോ ആകാൻ ഇടയുണ്ട്. ദൈവമിറങ്ങി വരുന്ന ഇടങ്ങളിൽ നിന്നും നാം ഓടിയൊളിക്കാൻ നടത്തുന്ന പരിശ്രമങ്ങൾ അതിന്റെ തുടർച്ചയാകാം. ദൈവത്തിന്റെ കാലൊച്ച കേൾക്കുമ്പോൾ നമ്മിൽ രൂപപ്പെടുന്ന അസ്വസ്ഥതകൾ വിരൽ ചൂണ്ടുന്നത് നമുക്ക് സംഭവിച്ച പരാജയങ്ങളിലേക്കായിരിക്കും. ദൈവസാന്നിധ്യമെന്ന ഏദെനിൽ ദൈവത്താൽ സൃഷ്ടിച്ചാക്കപ്പെട്ടവർ ആയിരുന്നു മനുഷ്യനും ഭാര്യയും. എങ്കിലും ദൈവമനുവദിച്ചിരുന്ന വിലക്കുകൾക്കു വിലകൊടുക്കാതെ ഇപ്പോൾ ദൈവീക സംസർഗ്ഗത്തിൽ പ്രത്യക്ഷപ്പെടുവാൻ കഴിയാതെ ഒളിയിടങ്ങൾ തേടുന്നു!.. ദൈവത്തിന്റെ സർവ്വജ്ഞാനീയതയുടെ വലിമ മനസ്സിലാക്കാതെ “ഞങ്ങൾ ദൈവത്തെ കാണാതിരിപ്പാൻ” എന്നതിൽ നിന്നും “ദൈവം തങ്ങളെ കാണാതിരിപ്പാൻ” എന്ന വികല ചിന്തയിലായിരുന്നു വൃക്ഷങ്ങളുടെ പിന്നിലെ ഒളിച്ചിരിപ്പ് (ഉൽപ്പത്തി 3:8). ഭയം കൂടാതെ ദൈവിക പ്രത്യക്ഷതയെ സന്തോഷത്തോടെ സ്വീകരിച്ചവർ ഇപ്പോൾ ഭയപ്പാടോടെ അതിനെ ഒഴിവാക്കാൻ ശ്രമിക്കുന്നു!! ദൈവത്തോടൊരുമിച്ചുള്ള കൂട്ടുചേരലുകളിൽ ആനന്ദം കണ്ടെത്തിയിരുന്നവരിൽ ഇപ്പോൾ വ്യാപരിക്കുന്നത് പരിഭ്രമം!!

തെറ്റുകൾ നമുക്കിടയിൽ സംഭവിക്കുമ്പോഴും അതിനിടയിലുള്ള ദൈവമുഖാന്വേഷണമാണ് നമ്മിൽ കുറ്റബോധം ഉളവാക്കുന്നതും അതുവഴി മടങ്ങിവരവിലേക്ക് നയിക്കുന്നതും. എന്നാൽ നമ്മിൽ സംഭവിച്ച അനുസരണക്കേടുകളിൽ ദൈവപ്രകാശത്തിനഭിമുഖമായി നാം വരുവാൻ കാണിക്കുന്ന വിമുഖത പിന്നെയും നമ്മെ വശീകരിക്കുന്നത് തകർച്ചകളിലേക്കായിരിക്കും. ദൈവത്തിന്റെ കാലൊച്ചയും അവിടുത്തെ ഇടപെടലുകളും നഷ്ടമാകുന്ന തലങ്ങളിൽ, ചെയ്ത തെറ്റുകളെക്കുറിച്ചുള്ള അറിവുകളോ അനുതാപങ്ങളോ പ്രകാശനങ്ങളോ ലഭിക്കുകയില്ല. അരുതുകളുടെ ലംഘനങ്ങൾ ഒരുപാട് നടത്തിയിട്ടും കുറ്റബോധത്തിന്റെ ലാഞ്ചന പോലുമില്ലാത്ത ഒരു മനസുമായി നാം അഭിനയ ഭക്തനായി തുടരുന്നു എങ്കിൽ ഓർക്കുക – ദൈവം നമ്മെ വിട്ടുമാറിയിരിക്കുന്നു!! തെറ്റും ശരിയും അശുദ്ധവും നിർമ്മലവും തമ്മിൽ വകതിരിച്ചറിയുവാൻ കഴിയുന്നത് ദൈവത്തിന്റെ കാലൊച്ച കേൾക്കുന്ന ഇടങ്ങളിൽ മാത്രമാണ്. കൊടിയ ദുരുപദേശങ്ങളും ആത്മീകതയുടെ മറവിലെ തട്ടിപ്പുകളും പെരുകി പെരുകി വരുമ്പോൾ നാമറിയുക; വ്യാജാത്മാവിന്റെ വശീകരണവും സ്വയ നീതിയുടെ ദുരാത്മാവും ആണ്. ദൈവമുൻപാകെ പ്രത്യക്ഷപ്പെടുവാൻ കഴിയാതെ ദൈവത്തിന്റെ കാലൊച്ചയെ അവഗണിച്ച് പലതിന്റെയും മറവിൽ ഒളിപ്പിച്ചിരുത്തി അതിൽ തുടരാൻ അനുവദിപ്പിക്കുന്നത്!!

പരിശുദ്ധാത്മ സാന്നിധ്യത്തിലേക്കും ദൈവമിറങ്ങി നിൽക്കുന്ന ഇടങ്ങളിലേക്കും വരുന്നതുവരെ ഒരു പക്ഷെ ആരുമറിയാതെ നടത്തിയ കളവുകൾ പിടിക്കപ്പെടാൻ സാധ്യതയുണ്ട്. ക്രൈസ്തവ സഭയുടെ പ്രഥമ ദിനങ്ങളിൽ അനന്യാസ് എന്ന പേരുള്ളൊരു പുരുഷൻ തന്റെ ഭാര്യയോടുകൂടി നിലം വിറ്റ് ആരുമറിയാതെ അതിൽ കുറെ എടുത്തു വെച്ചിട്ട് ലഭിച്ചതിൽ ഒരംശവുമായി അപ്പോസ്തോലന്മാരുടെ അടുക്കൽ ഒന്നുമറിയാത്തവരെ പോലെ എത്തി. പിടിക്കപ്പെടുകയില്ല എന്ന ഉറപ്പിലാണ് അവിടേക്ക് കയറിച്ചെന്നത് എങ്കിലും ചെന്ന ഇടം ദൈവമിറങ്ങി നിന്ന പരിശുദ്ധാത്മ സാന്നിധ്യമുള്ള വിശുദ്ധന്മാരുടെ സംഘത്തിലെക്കായിരുന്നു. ആരുമൊരുവാക്കെങ്കിലും ഉരിയാടുന്നതിനു മുൻപേ ആത്മാവ് കാര്യങ്ങളെ അപ്പോസ്തോലനു വെളിപ്പെടുത്തി എന്നത് ആദിമ സഭക്കുള്ളിൽ നിറഞ്ഞു നിന്നിരുന്ന ദൈവസാന്നിധ്യത്തിന്റെ വലിയ തെളിവായിരുന്നു. ദൈവത്തിന്റെ കാലൊച്ച നമുക്കെവിടെ കേൾക്കുവാൻ കഴിയുന്നുണ്ടോ – അവിടെയാണ് പാപസംബന്ധമായുള്ള നഗ്നതയുടെ ആഴമറിയുന്നത്; അവിടെയാണ് വിലക്കപ്പെട്ട കനി തിന്നതിന്റെ കുറ്റബോധമുണ്ടാകുന്നത്; അവിടെയാണ് കളവുകൾ പിടിക്കപ്പെടുന്നത്; അവിടെയാണ് മടങ്ങിവരവിനായുള്ള ആത്മാവിന്റെ ആഹ്വാനം ഉള്ളിൽ സൃഷ്ടിക്കപ്പെടുന്നത്!! ദൈവം നമ്മെ കാണുമോ, അവർ കൂരിരുട്ടിൽ ന്യായം വിധിക്കുമോ, എന്നിങ്ങനെയുള്ള ചോദ്യങ്ങളുടെ പിൻബലത്തിൽ ദുരാലോചനയും അതിന്റെ പ്രവർത്തികളും ദൈവത്തിനഗാധമായി മറച്ചുവെയ്ക്കാൻ വേണ്ടി എന്റെ ആലയം പ്രാർത്ഥനാലയം എന്ന് എഴുതിയിരിക്കെ അതിനെ കള്ളന്മാരുടെ ഗുഹകളാക്കി മാറ്റി അതിൽ ഒളിഞ്ഞിരിക്കുന്നു. എന്നിട്ട് പരപീഢന സുഖം ആസ്വദിച്ച് സുഖശയനം നടത്തി അധഃപ്പധനത്തിന്റെ അക്കൽദാമകളിലേക്ക് സ്വയം നശിക്കുവാനായി നടന്നടുക്കുന്നു. കഴുത്തിൽ കുരുക്കു വീഴുംമുൻപേ ജീവിതത്തിലെ പാളിച്ചകളെ വ്യക്തമാക്കുന്ന ദൈവവചന ദർപ്പണം നമുക്ക് നേരെ പിടിച്ചുകൊണ്ടു ഹൃദയത്തെ ശോധന ചെയ്യും. പരമാർത്ഥയിൽ പ്രസാദിക്കുന്ന ദൈവത്തിങ്കലേക്ക് തിരിയാം – ഒളിവിടങ്ങളിൽ നിന്നും!!

നിർഭാഗ്യവശാൽ ശതകോടികൾ മുടക്കി പണിതുറപ്പിച്ചിരിക്കുന്ന ആഡംബര ആലയങ്ങളിൽ നിന്നും സഭാകാന്തൻ എപ്പോഴേ പുറത്താക്കപ്പെട്ടിരിക്കുന്നു. ദൈവഭയവും ദൈവത്തിന്റെ കാലൊച്ചയും ഒഴികെയുള്ളതെല്ലാം അവിടെ ഉണ്ടെങ്കിലും അതുകൊണ്ടൊന്നും നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ല... തെറ്റുകൾ തിരുത്തപ്പെടുന്നില്ല!! തെറ്റ് പറ്റിപ്പോയി എന്ന അനുതാപത്തിന്റെ കരച്ചിലുകൾക്ക് പകരം കൃത്രിമ ഉണർവ്വു സംഘങ്ങളുടെ പൊട്ടിച്ചിരികളും കെട്ടഴിഞ്ഞ ജനത്തിന്റെ പ്രതിഗാനങ്ങളും കൊണ്ട് ദൈവസഭകൾ ബിംബവൽക്കരണത്തിന്റെ പാളയങ്ങളായി മാറുന്നു. അക്കാരണം കൊണ്ട് തന്നെ ദൈവവചനത്തിന്റെ ഗമന വഴികളിൽ നിന്നും മാറി സഞ്ചരിക്കുമ്പോഴും പറയുന്നതും പ്രവർത്തിക്കുന്നതുമെല്ലാം ആത്മീകതയുടെ അനുബന്ധങ്ങളായി നിർവ്വചിക്കപ്പെടുന്നു. ഇനിയെങ്കിലും നമുക്ക് മടങ്ങാം ദൈവ സാന്നിധ്യത്തിലേക്ക് ... നമ്മെ പ്രതീക്ഷിച്ച് ഇറങ്ങി വന്നിരിക്കുന്ന ദൈവത്തിങ്കൽ നിന്നുമുള്ള ഒളിച്ചോട്ടങ്ങൾ അവസാനിപ്പിക്കാം. നടത്തിയ ലംഘനത്തിന്റെ ഫലമായി ദൈവത്തിന്റെ കാലൊച്ച നമ്മിൽ അല്പമല്ലാത്ത ആശങ്കകൾ ഉളവാക്കിയാലും മടങ്ങിവരു!!..... വെയിലടിച്ചാൽ കരിഞ്ഞുണങ്ങുന്ന അത്തിയിലയുടെ അരയാടകൾക്ക് പകരം നമ്മുടെ നഗ്നത മറക്കാൻ മറ്റൊരു പരിഹാരം അവിടുത്തെ പക്കൽ ഉണ്ട്!!!!

ചെറുകഥ

# കാർമേഘങ്ങൾ പെയ്തിറങ്ങിയപ്പോൾ



സാം റ്റി. മൈക്കിൾ
ഇളമ്പൽ

പള്ളിക്കൂടം തുറന്നിട്ട് ആഴ്ചകൾ പിന്നിട്ടിരിക്കുന്നു. മോനാച്ചന്റെയും ഭാര്യ മോളമ്മയുടെയും മനസ്സിൽ അപ്പോഴേക്കും ആശങ്കളുടെ കാർമേഘങ്ങൾ ഇരുണ്ടു കൂടുകയായിരുന്നു. തങ്ങളുടെ മകൻ കുട്ടായി നാലാം ക്ലാസ്സിൽ നിന്ന് അഞ്ചിലേക്ക് ജയിച്ചു കയറി. പഴയ പ്രൈമറി സ്കൂളിൽ നിന്ന്, വീട്ടിൽ നിന്നും അല്പം ദൂരെയുള്ള യു.പി. സ്കൂളിൽ പ്രവേശനവും ലഭിച്ചു. എന്നാൽ പുതിയ അദ്ധ്യായന വർഷം ആരംഭിച്ചിട്ടും കുട്ടായിക്ക് കഷ്ടിച്ച് ഒരു ജോഡി യൂണിഫോം വാങ്ങിക്കൊടുക്കാനേ ആ മാതാപിതാക്കൾക്ക് കഴിഞ്ഞുള്ളൂ. പാഠപുസ്തകങ്ങളും, നോട്ട് ബുക്കും, കുടയും, ചെരിപ്പും, കണക്കുപെട്ടിയുമൊന്നും ആ കുരുന്നിന് വാങ്ങിക്കൊടുക്കാൻ കഴിയാതിരുന്നതാണ് മോനച്ചന്റെ ആശങ്കകൾക്ക് നിദാനം.

കുട്ടായിയുടെ നാലാം ക്ലാസിലെ അവസാന ടേം പരീക്ഷകൾക്ക് ശേഷം മധ്യവേനലവധിക്ക് സ്കൂളടച്ച സമയത്തായിരുന്നു ആ കുടുംബത്തിന് കനത്ത ഒരു ആഘാതമേറ്റത്. മോനാച്ചൻ ജോലി ചെയ്തിരുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ഫാക്ടറി അടച്ചു പൂട്ടിയതായിരുന്നു ആ ആഘാതം. നഷ്ടത്തിന്റെ നിലയില്ലാക്കയത്തിൽ കൂപ്പുകുത്തി കൊണ്ടിരിന്ന ഒരു ഡസനോളം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും ഇക്കൂട്ടത്തിൽ അടച്ചു പൂട്ടപ്പെട്ടിരുന്നു. ആ കുടുംബത്തിന്റെ സ്ഥിര വരുമാനം നിലച്ചതോടെ സ്വന്തം പുരയിടത്തിലെ കൃഷി നടത്തിയും, പശുവിനെ വളർത്തി അതിന്റെ പാൽവിറ്റും – ഉപജീവനത്തിനും അതീജീവനത്തിനുമായി അവർ പെടാപ്പാടുകൾ പെടുന്നുണ്ടായിരുന്നു. തന്റെ കൃഷിയിടത്തിലെ വിളകളുടെ ഇലകൾ തളിർക്കുന്നതും, അതിൽ മൊട്ടിടുന്നതും, പൂക്കുന്നതും തങ്ങളുടെ ജീവിതത്തിലെ വാടിയ തളിർപ്പുകൾ ജീവൻ വെപ്പിക്കുമെന്ന് മോനാച്ചൻ ചിന്തിച്ചു.

എന്നാൽ മോനാച്ചന്റെ പ്രതീക്ഷകൾക്ക് തിരിച്ചടിയേറ്റത് മദ്ധ്യവേനൽ കടുത്തതോടെയായിരുന്നു. കൊടും വരൾച്ചയിൽ പ്രദേശത്തെ കൃഷിയിടങ്ങളും, കുളങ്ങളും, കിണറുകളുമെല്ലാം വറ്റിവരണ്ടു. കൃഷിയിടത്തിലെ പച്ചപ്പുകളെല്ലാം കരിഞ്ഞുണങ്ങി. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ടാങ്കർ ലോറികളിലെത്തിച്ചിരുന്ന കുടിവെള്ളം മാത്രമായി അല്പം ആശ്വാസം. ഒരു ദേശം മുഴുവൻ ആ സ്ഥലത്ത് വേനൽ മഴയ്ക്കായി വേഴാമ്പലിനെപ്പോലെ കാത്തിരിക്കുകയായിരുന്നു. കരിഞ്ഞുണങ്ങിയ സ്വപ്നങ്ങളുമായി മോനാച്ചനും കുടുംബവും.

ഇതിനിടെയാണ് കുട്ടായിക്ക് സ്കൂൾ തുറന്നതും, വർഷകാലത്തെ വരവേറ്റു കൊണ്ട് ഇടവപ്പാതി മഴയെത്തിയതും, പുതിയ സ്കൂളിലേക്ക് പുത്തൻ യൂണിഫോമൊക്കെയിട്ടുകൊണ്ട് കുട്ടായി പോകുമ്പോൾ മറ്റൊന്നും വാങ്ങിക്കൊടുക്കാൻ ആ രക്ഷിതാക്കൾക്കായില്ല. നേരത്തെ വേനലിന്റെ കൊടുതികളായിരുന്നെങ്കിൽ ഇപ്പോൾ മഴക്കെടുതിയാണ്. തൊടിയിലാകെ വെള്ളം നിറഞ്ഞൊഴുകുന്ന അവസ്ഥവരെയെത്തി കാര്യങ്ങൾ. മഴമൂലം പുരയിടത്തിലെ കൃഷിപ്പണികളൊക്കെ അവതാളത്തിലായി. തനിയ്ക്കുള്ള പത്ത് മൂട് റബ്ബർ വെട്ടി, അതിൽ നിന്നും എന്തെങ്കിലും ലഭിക്കുമെന്ന ചിന്ത യും മഴവെള്ളത്തിലൊലിച്ചു പോയി. താൻ ജോലി ചെയ്തിരുന്ന ഫാക്ടറിയാണെങ്കിൽ ഉടനെയൊന്നും തുറക്കുന്ന ലക്ഷണവും കാണുന്നില്ല. ഫാക്ടറിപ്പടിക്കൽ ചിലർ സമരവും സത്യാഗ്രഹവും നടത്തുന്നത് മാത്രം മിച്ചം. അങ്ങനെ തോരാത്ത മഴയും, തീരാത്ത സങ്കടങ്ങളുമായി മോനാച്ചനും കുടുംബവും തള്ളിനീക്കി. ഇതിനിടെ ചിലദിവസങ്ങളിൽ പള്ളിക്കൂടം വിട്ട് വീട്ടിൽ വരുന്ന കുട്ടായി, മാതാപിതാക്കളോട് തന്റെ അവശ്യങ്ങളുടെ പട്ടിക നിരത്തും. “നാളെ എനിക്ക് സ്കൂൾ ബാഗും കണക്കുപ്പെട്ടിയും, ചെരിപ്പും വേണം” – മകന്റെ ഈ പറച്ചിൽ ആ പിതാവിന്റെ നെഞ്ചിൽ ഒരു നെരിപ്പോട് തന്നെ എരിച്ചിരുന്നു.

സർവ്വശക്തനായ ദൈവത്തിൽ ആശ്രയിച്ചിരുന്ന ഒരു കുടുംബമായിരുന്നു അത്. പ്രാർത്ഥനയും ദൈവീക കരുതലിലുള്ള വിശ്വാസവുമായിരുന്നു ഈ പ്രതിസന്ധികളിലും അവരുടെ കരുത്ത്. ഒരിക്കൽ സ്കൂൾ വിട്ടു വന്ന കുട്ടായി തന്റെ പിതാവിനോട് തന്റെ ആവശ്യങ്ങൾ നിരത്തിയപ്പോൾ മോനാച്ചന്റെ മറുപടി – “യഹോവ യിരെ – ദൈവം കരുതികൊള്ളും”– എന്നായിരുന്നു. സണ്ടേസ്കൂളിൽ പഠിച്ചിരുന്ന ആ മകൻ ആ മറുപടിയിൽ തൃപ്തനായിരുന്നു. മരുഭൂമിയിൽ യിസ്രായേൽ മക്കൾക്ക് ദൈവം മന്ന നൽകി പോഷിപ്പിച്ചതും, ചെങ്കടൽ പിളർന്ന് തന്റെ ജനത്തെ അക്കരെയെത്തിച്ചതുമൊക്കെ പഠിച്ചത് ആ കുരുന്നു മനസ്സിന് സന്തോഷം നൽകി. തങ്ങൾക്കും ദൈവം അത്ഭുതത്തിന്റെ വാതായനങ്ങൾ തുറന്നു നൽകുമെന്ന് ആ പിഞ്ചുമനസ്സ് ഉറപ്പിച്ചു.

ഇങ്ങനെ ദിവസങ്ങൾ കടന്നു പൊയ്ക്കൊണ്ടിരുന്നു. മഴയുടെ ശക്തി കുറഞ്ഞുവരുന്നുണ്ടായിരുന്നു. എന്നാൽ മഴക്കൊടുതികൾ എല്ലായിടത്തും ബാധിച്ചിരുന്നു. ജലജന്യ രോഗങ്ങൾ നാട്ടിലെങ്ങും പടർന്നിരുന്നു. ഇതുകൂടാതെ ചിക്കുഗുനിയ, ജപ്പാൻ ജ്വരം, തക്കാളിപ്പനി, കുരങ്ങ് പനി തുടങ്ങിയ പകർച്ചവ്യാധിയിടങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. മോനാച്ചന്റെ കുടുംബത്തിന് മാത്രം ഭാഗ്യവശാൽ ഇവയൊന്നും ഏൽക്കാനിടയായില്ല. ആ കുടുംബത്തിലാർക്കും ഒരു ചെറിയ ജലദോഷമെങ്ങാനും വന്നാൽപ്പോലും അത് അവർക്ക് താങ്ങാനാവുമായിരുന്നില്ല. എന്നാലും ഇടക്കെല്ലാം കാർമേഘങ്ങൾ ആകാശത്ത് ഇരുണ്ട് കൂടുന്നതു പോലെ, മോനാച്ചന്റെ മനസ്സ് വേദനിക്കുന്നത് മോളമ്മ മനസ്സിലാക്കിയിരുന്നു.

ദിവസങ്ങൾ പിന്നെയും കടന്നുപോയി. ചെറുമഴ തോർന്നു നിന്ന ഒരു സന്ധ്യാസമയം. മോളമ്മ അടുക്കളയിലെ അത്യാവശ്യ ജോലികളൊക്കെ തീർത്ത്, കുടുംബപ്രാർത്ഥനക്ക് ക്രമീകരണങ്ങൾ ചെയ്യുകയായിരുന്നു. കുട്ടായി വീട്ട് വരാന്തയിലിരുന്ന് കളിക്കുന്നു. നാട്ടിൽ ചിലയിടങ്ങളിൽ മണ്ണിടിച്ചില്ലുണ്ടായെന്ന് ആരോ പറയുന്നതു കേട്ടു. വർഷകാലത്തെ വിശേഷങ്ങളറിയാൻ വൈകുന്നേരത്തെ വാർത്തയുടെ സമയം നോക്കി റേഡിയോ ഓൺ ചെയ്തു. റേഡിയോയിലെ ആ സമയത്തെ പ്രധാന വാർത്ത ആ കുടുംബത്തെ അത്ഭുതപ്പെടുത്തുന്നതായിരുന്നു.

മോനച്ചൻ ജോലി ചെയ്തിരുന്ന ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാൻ സർക്കാർ തീരുമാനിച്ചതായിരുന്നു പ്രദേശിക വാർത്തകളിലെ ആ ദിനത്തിലെ പ്രധാന വാർത്ത. മാത്രമല്ല, പൂട്ടിക്കിടന്ന രണ്ടരമാസത്തെ ശമ്പളവും ഉടൻ നൽകാനുള്ള തീരുമാനവും അതിനോടൊപ്പമുണ്ടായിരുന്നു.

മോനച്ചനും, മോളമ്മയും, നിറകണ്ണുകളോടെ ദൈവത്തെ സ്തുതിക്കുമ്പോൾ അവരുടെ മനസ്സിൽ ഇരുണ്ടു കൂടിയിരുന്ന കാർമേഘങ്ങൾ കുളിർമഴയായി പെയ്തിറങ്ങുകയായിരുന്നു.

# കാലികം

# തീവ്രമായ ചില രാപ്പനി ചിന്തകൾ



**സജി നെടുങ്കണ്ടം**
**9495669391**

അപ്പൻ നൽകിയ സമ്പത്ത് തീർത്തശേഷം പന്നിക്കുഴിയിൽ ആത്മീയ സമ്മേളനം നടത്തി ശേഷിക്കുംകാലം കഴിച്ച് കൂട്ടുന്ന വലഞ്ഞുപോയ നീതിമാന്മാരെ ഇന്ന് എവിടെയും കാണാൻ കഴിയും. അപ്പന്റെ മകനായി ജനിച്ചു അപ്പന്റെ വീട്ടിൽ വളർന്നു. അവകാശം ചോദിക്കാൻ പക്വതയും പ്രാപ്തിയുമായി എന്ന തോന്നലാണ് പിതാവിനുള്ളതിൽ നിന്നും പിടിച്ച് പറിച്ച് പിൻമാറ്റത്തിലേയ്ക്ക് പോയത്. എന്നാൽ പന്നിക്കുഴിയിൽ അസ്തമിക്കാൻ മുടിയൻ പുത്രൻ ആഗ്രഹിച്ചില്ല. പന്നിയെ തീറ്റുന്ന ജോലിക്കിടയിലും അവന് പിതാവിനെക്കുറിച്ച് ഓർമ്മ വന്നു. പിതൃസ്വത്തില്ലെങ്കിലും പിതാവിനെക്കുറിച്ച് ഓർത്തു. മടങ്ങിവന്ന പുത്രനെ സ്നേഹവാനായ പിതാവ് മാർവ്വിൽ ചേർത്ത് അണച്ച് അനുഗ്രഹിക്കുന്ന ചരിത്രം സുവിശേഷത്തിൽ നമുക്ക് കാണാം. എന്നാൽ ആധുനിക ആത്മീയ പുത്രൻമാരിൽ നല്ലൊരു പങ്കും പന്നിക്കുഴിയുടെ ഓരത്തിരുന്ന് മുഴുനീളൻ കുപ്പായം തേച്ച് ധരിച്ച് ഉണർവ്വുയോഗം നടത്തുകയാണ്. പെന്തെക്കോസ്തുസമൂഹം ഇത്ര കണ്ട് അധഃപതിച്ചോരു കാലം ഇതിനു മുമ്പ് ഉണ്ടായിരിക്കുകയില്ല. രൂപവും ഭാവവും കൂടെ പുറത്തേയ്ക്ക് ഛർദ്ദിക്കുന്ന ദൂതും കേട്ടാൽ മാലാഖ മാറിനിൽക്കും. എന്നാൽ പാതിരാത്രി എങ്ങാനും സൂര്യൻ ഉദിച്ചാൽ നാം ബഹുമാനിക്കുന്ന പല 'റവ'മാരും പന്നിക്കുഴിയിലാണ് എന്നതാണ് വാസ്തവം. വിശുദ്ധിക്ക് വില കൊടുത്തും അശുദ്ധി അയലത്തു വരാതെ ആട്ടിപ്പായിച്ചും ഉരിഞ്ഞതുണി അടയാളമായി പൊത്തിഫേർ പൊക്കിപ്പിടിക്കുമ്പോഴും ജീവിത വസ്ത്രം നീതിയിൽ സൂക്ഷിച്ച ഭക്തന്മാരെ ഭക്തിയോടെ ഓർക്കുന്നു. വിശുദ്ധന്മാർ വില മുടക്കിപ്പണിതുയർത്തിയ ഈ പെന്തെക്കോസ്തു പ്രസ്ഥാനത്തിന്റെ തുമ്പത്തിരിക്കുന്ന ചിലരുടെ ദേശത്തെ സാക്ഷ്യം അന്വേഷിച്ചുപോയാൽ തലകുനിച്ചല്ലാതെ തിരികെ നടക്കേണ്ടിവരില്ല. ജീവിതമില്ലാത്ത നായകന്മാരെ ജീവദായകന് ആവശ്യമുണ്ടോ?

മരണത്താൽ മാറ്റപ്പെട്ടവരും ഇന്നുമരിച്ചാൽ കസേര ഒഴിയാൻ മനസില്ലാത്തവരുമായ ചിലരെക്കുറിച്ച് ചെറിയ നിലയിൽ ഒരു പഠനം നടത്തിയപ്പോൾ ചില രാപ്പനിചിന്തകളുടെ ചുരുളുകൾ ഒന്നൊന്നായി അഴിഞ്ഞു. ഈ ലേഖനം വായിക്കുന്ന പുതിയ വിശ്വാസികളെ നിങ്ങൾ ഏറെ പ്രാർത്ഥിക്കുക. പഴയവിശ്വാസികൾ രക്തത്തിൽ ആശ്രയിക്കട്ടെ. ചിലരുടെ സാക്ഷ്യം ദേശത്ത് തിരക്കിയപ്പോൾ കോട്ടയം അയ്യപ്പാസിന്റെ പണ്ടത്തെ പരസ്യംപോലെയാ തോന്നിയത്. പുറമേ കാണുമ്പോൾ ചെറുതാ അടുത്തടക്കുമ്പോഴാ ആള് ചെയ്ത തറവേലത്തരങ്ങൾ ദേശത്ത് ഏറെയാണെന്നു തെളിയുക. ചില ഉന്നതന്മാരെ അടുത്തറിയുന്നവർ പറഞ്ഞ രാപ്പനിചിന്തകൾ കേട്ടപ്പോൾ ഏദെനിലെ പാമ്പ് നീർക്കോലിയും ഇവരെ ചുറ്റിപ്പരീക്ഷിച്ചത് പെരുമ്പാമ്പ് ആണ് എന്നു മനസിലായത്. ദുർന്നടപ്പുകാരും, മദ്യപന്മാരും അധികാരമോഹികളുമാണ് പല പ്രസ്ഥാനത്തിന്റെയും നേതൃത്വത്തിൽ എന്ന് മനസിലാക്കാൻ കഴിഞ്ഞു. ഇവരിൽ പലരും പൂച്ച പാല് കുടിക്കുന്നതുപോലെ ഭരണം നടത്തുകയാണ്. റ്റി. എസ്സ്. ബാലൻ തിരശീലയ്ക്ക് അപ്പുറമാകയാൽ ഇന്ന് പേടിക്കേണ്ട എന്ന് ഒരു മുഖ്യധാരസഭയുടെ നേതാവ് ഈ അടുത്തിടെ പറയുകയുണ്ടായി. ഇവിടെ റ്റി. എസ്സ്. ബാലനെ മരിച്ചിട്ടുള്ളൂ. സോദോമിലും ഗോമോറയിലും തീ ഇറക്കിയവൻ തലയ്ക്കുമീതെ വീടിന്റെ മുകളിൽ ഉണ്ടെന്ന കാര്യം മറക്കണ്ട. പാവപ്പെട്ട ഉപദേശിമാരുടെയും വിശ്വാസിസമൂഹത്തിന്റെയും കണ്ണിൽപ്പൊടിയിടാം. ഭൂമിയിലെ പൂഴി മുഴുവൻ പാറി വീണാലും അടയാത്ത ഒരു കണ്ണ് ലോകം മുഴുവൻ ഊടാടി സഞ്ചരിക്കുന്നു എന്ന കാര്യം മറക്കണ്ട.

വിശുദ്ധിക്ക് വിലകൊടുത്ത് ഒഴുക്കിനെതിരെ നീന്തുന്ന ആധുനിക ആത്മീയ സമൂഹത്തിനായി രണ്ടുവാക്ക് കുറിച്ചില്ലായെങ്കിൽ ആത്മപ്രകാശം നൽകുന്ന ദൈവമുമ്പാകെ നീതിയല്ലാതാകും. പ്രീയ ദൈവജനമേ നിങ്ങൾ ബഹുമാനിക്കുന്നവർ പരസ്യമായി പാപം ചെയ്യുന്നതു കണ്ടാൽ ക്ഷീണിക്കരുത്, പിൻമാറരുത്. കാരണം നിങ്ങളെ നിത്യതയ്ക്കായി വിളിച്ചത് മനുഷ്യരല്ല, പ്രത്യുത പ്രാണൻ മറുവിലയായി തന്ന പരിശുദ്ധനാണ്. "യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ച് നിങ്ങൾ കേൾക്കും ചഞ്ചലപ്പെടരുത്- കാരണം അത് സംഭവിക്കേണ്ടതുതന്നെ" എന്ന് യേശു പറഞ്ഞു. ഇനിയും എത്ര യുദ്ധങ്ങൾ കാണേണ്ടവരാണ് നാം. സുവിശേഷം പറഞ്ഞ് കൈപ്പിടിച്ച് കൃപയിലേക്ക് നയിച്ചവർ പിൻമാറി പരസ്യമായി പാപം ചെയ്യുന്നതു കണ്ടേക്കാം ചഞ്ചലപ്പെടരുത് ഇനിയും എത്ര കാണാൻ കിടക്കുന്നു. ആത്മീയ ജീവിതം യുദ്ധസമാനമാണ്. പൊരുതി ജയിക്കാൻ വിശുദ്ധന് കഴിയണം. അങ്ങനെയുള്ളവരുടെ അന്ത്യത്തിൽ ആവർത്തിച്ച് പറയാവുന്ന അതിശ്രേഷ്ഠ വചനമാണ് "ഞാൻ നല്ല പോർ പൊരുതു ഓട്ടം തികച്ചു വിശ്വാസം കാത്തു" എന്നത് (2 തിമൊ.4:7). ഒരു കിരീടം വിശുദ്ധൻമാരെ കാത്തിരിപ്പുണ്ട്. പാപത്തിന്റെ കിരീടം. ജീവിതത്തിൽ ചൂടാതെ വിശുദ്ധിയിൽ മുതിർന്നു വരുന്നവർക്കായി ഒരുക്കിയ ജീവകിരീടം നേടുക. ഇന്നു നാം മാലാഖമാരെപ്പോലെ കാണുന്ന പല മിടുക്കന്മാരും പലതിലും വീണിട്ടുള്ളവരാണ്. പന്നിക്കുഴിയിലെ കത്തിവെപ്പ് മതിയാക്കി അവരെല്ലാം അപ്പന്റെ ഭവനത്തിൽ അണയാൻ അണിചേരാൻ സുബോധത്തിനായി പ്രാർത്ഥിക്കാം. ആകയാൽ സൂക്ഷിച്ചു നടക്കുക....ഞാനും അതിനായി താഴ്മയോടെ ഉത്സാഹിക്കുന്നു.....

---

# കണ്ടതും കേട്ടതും

# "ദൂതർ കാഹളങ്ങൾ മീട്ടീടും നേരം...."

**ജയ്മോഹൻ അതിരുങ്കൽ, 9567759748**




നല്ലൊരു പാട്ടിന്റെ അനുപല്ലവി (Chorus) യാണു തലക്കെട്ടായി നൽകിയത്. പക്ഷേ എഴുതിയയാൾക്ക് അബദ്ധം പറ്റി; കാഹളം "മീട്ടി"ക്കളഞ്ഞു! കാഹളം "മീട്ടു"ന്ന ഉപകരണമല്ല. മീട്ടുന്നതു തന്ത്രി(കമ്പി)വാദ്യങ്ങളാണ്. വീണയും കിന്നര(harp)വുമൊക്കെ കമ്പിയുടെ കമ്പനങ്ങൾകൊണ്ടു ശബ്ദം പുറപ്പെടുവിക്കുന്നവയാണ്. അവയാണു മീട്ടുന്നത്. കാഹളം ഊതാനേ കഴിയു; മീട്ടാനൊക്കുകയില്ല. "ദൂതർ കാഹളങ്ങൾ ഊതീടും നേരം" എന്നാക്കിയിരുന്നെങ്കിൽ നന്നായേനെ. ഇനിയും സംശയമുണ്ടെങ്കിൽ, 1 കൊരിന്ത്യർ 14:7 വായിച്ചു നോക്കുക. കുഴലും (Flute = സുക്ഷിരവാദ്യം)വീണ (harp = തന്ത്രിവാദ്യം)യുമൊക്കെ ശബ്ദവ്യത്യാസം കാണിക്കാതിരുന്നാൽ എങ്ങനെയാണു തിരിച്ചറിയുന്നതെന്നു ചോദിക്കുന്നു.

സംഗീതം പോലെ മനുഷ്യനെ ആകർഷിക്കുന്ന വേറൊരു കലയില്ല. പക്ഷിമൃഗാദികൾ പോലും സംഗീതം ആസ്വദിക്കുന്നുണ്ടെന്ന് പറയുന്നു. സംഗീതചികിത്സയും പ്രചാരത്തിലുണ്ട്. കവിത്വമുള്ളവരെഴുതുന്ന പാട്ടുകൾ, മികച്ച സംഗീതം നൽകി പുറത്തിറങ്ങുമ്പോൾ എല്ലാവരും ആസ്വദിക്കുന്നു. നല്ല ആശയമുള്ള മേല്പടി ഗാനത്തിൽ "കാഹളം മീട്ടിടും നേരം" എന്ന അനർത്ഥം വരരുതായിരുന്നു. ഈ പാട്ടെഴുതിയതാരാണെന്ന് എനിക്കറിഞ്ഞുകൂടായെന്നും സാന്ദർഭികമായി എഴുതുന്നു.

കുറച്ചു നാൾ മുമ്പ് ഒരു പാട്ടു കേട്ടു; "കുഞ്ഞാട്ടിൻ നിണം "കേട്ട" തൻ ഭക്തർക്ക്". എന്നായിരുന്നു അത്. പ്രസിദ്ധനായ ഗായകനാണതു പാടിയത് അദ്ദേഹത്തിനും അതു മനസ്സിലായില്ല, പാടിച്ചവർക്കും തെറ്റു ഗ്രഹിക്കാനായില്ല. "കുഞ്ഞാട്ടിൻ നിണം കോട്ട തൻ ഭക്തർക്ക്" എന്നായിരുന്നു വരേണ്ടിയിരുന്നത്. അതൊരു പത്രപ്രവർത്തകൻ തിരുത്തിയെഴുതി: "പാതാള**മെ** മരണ**മെ**, നിന്നുടെ ജയമെവിടെ? കുഞ്ഞാട്ടിൻ നിണം 'കോട്ട' തൻ ഭക്തർക്ക്...." കോട്ട ശരിയാക്കിയെങ്കിലും, 'പാതാള**മേ**' എന്ന സംബോധികാരൂപം "പാതാളമെ" എന്ന ഇല്ലാത്ത വിഭക്തിയിലാക്കിക്കളഞ്ഞു (അങ്ങനെ പ്രയോഗമില്ല. പ്രതിഗ്രാഹികയാകണമെങ്കിൽ, "പാതാളത്തെ" എന്നു വേണം). പാട്ടു തിരുത്തിയയാളെ ആരും തിരുത്തിയുമില്ല.

"തേടിയതല്ല ഞാൻ നിന്നെ, ഈ ക്രൂശിൻ സ്നേഹം തേടിയ പാപിയാമെന്നെ" എന്ന പാട്ടിൽ; "തേടിയേ പാപിയാമെന്നെ" എന്നായിരുന്നു വരേണ്ടിയിരുന്നത്. തേടിയ പാപിയാമെന്നെ എന്നു പാടുമ്പോൾ, ആദ്യം "തേടിയതല്ല" എന്നു പറഞ്ഞിട്ട്, പിന്നെ "തേടിയ" എന്നു പാടുമ്പോൾ, 'ഞാൻ സ്നേഹം തേടി'യെന്നു വൈരുദ്ധ്യമായി പാടുകയാണ്

"അഴലേറും ജീവിത മരുവിൽ നീ തളരുകയോ ഇനി സഹജേ...?" എന്ന് പാട്ട് അതെഴുതിയയാളെന്ന് അവകാശപ്പെട്ട വ്യക്തി, ഭാര്യയെ ആശ്വസിപ്പിക്കുവാൻ എഴുതിയതാണെന്നാണു പറഞ്ഞത്. അദ്ദേഹത്തോട് ഒരാൾ തിരക്കി "ഭാര്യയെ സഹജേ എന്നാരെങ്കിലും വിളിക്കുമോ"? മറുപടിയൊന്നും പറയാതെ രക്ഷപ്പെടുകയായിരുന്നു. (സഹജ - കൂടെപ്പിറന്നവൾ - ഒപ്പം ജനിച്ചവൾ - സഹോദരി. സഹജനാണു സഹോദരൻ). "അഴലേറും ജീവിതമരുവിൽ നീ തളരുകയോ ഇനി സഹജാ?" എന്നതാണു ശരി (സഹോദരനെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ).

"എൻ സങ്കടങ്ങൾ സകലതും തീർന്നു പോയി" എന്ന ഗാനത്തിൽ "മറഞ്ഞു ഞാൻ രക്ഷിക്കപ്പെട്ട രക്ഷണത്തിൽ" (അര നിമിഷത്തിൽ, ഞൊടിയിടയിൽ രക്ഷിക്കപ്പെട്ടു) എന്നാണു കവി അർത്ഥമാക്കിയത്. അതുപോലെ "സീയോൻ സഞ്ചാരിയായ് യേശുവിൽ ചാരി ഞാൻ" എന്നായിരുന്നു പഴയ പാട്ടുപുസ്തകങ്ങളിൽ. അതു 'സീയോൻ സഞ്ചാരി ഞാൻ യേശുവിൽ ചാരി ഞാൻ' എന്നു പാടുമ്പോൾ യുക്തിരാഹിത്യമുണ്ട്. അതിലേറെ അഭംഗിയുമുണ്ട്.

കടമ്മനിട്ട ബേബിച്ചനെഴുതിയ "യേശുവോടു ചേർന്നിരിപ്പതെത്ര മോദമേ" എന്ന പാട്ടിലെ "അന്നു തീരുമെന്റെ കഷ്ടം ഇന്നീമന്നിലെ" എന്നത് "എന്നു തീരുമെന്ന്" നമ്മൾ മാറ്റിക്കളഞ്ഞു! "ശ്രേഷ്ഠമേറും നാട്ടിലെന്റെ വാസമാക്കുന്ന" നാളിനെക്കുറിച്ചാണ്, അതു കഴിഞ്ഞുള്ള ചരണത്തിൽ "അന്നു തീരുമെന്നു പറയുന്നത്, 'എന്നു' തീരു'മെന്നു പാടുന്നത് നിരാശരായിട്ടാണ്. അന്നു തീരുമെന്നത് പ്രത്യാശാനിർഭരമായിട്ടാണ്. ഇക്കാര്യം കടമ്മനിട്ട ബേബിച്ചൻ തന്നെ എന്നോടു പറഞ്ഞിട്ടുണ്ട്. ('ശ്രേഷ്ഠം' വിശേഷണമായതിനാൽ 'ശ്രേഷ്ഠമേറും' എന്ന പ്രയോഗം ശരിയല്ല, 'ശ്രേഷ്ഠമായ' എന്നായിരുന്നുവെങ്കിൽ നന്നായേനെ. 'ധന്യമുള്ള' നാമത്തിൽ പ്രാർത്ഥിക്കുന്നതുപോലെയുള്ള അഭംഗിയാണു 'ശ്രേഷ്ഠമേറിയ'തിനുള്ളത്).

"സർവ്വസൃഷ്ടികളുമൊന്നായ് പുകഴ്ത്തീടുന്ന" എന്ന ഗാനത്തിൽ ഒന്നാമത്തെ ചരണമായ 'തന്റെ കരുണയെത്രയോ അതിവിശിഷ്ടം.....' എന്നതിന്റെ ഒടുവിലായി 'അകറ്റിയ' തന്റെ സ്നേഹത്താൽ എന്നാണു മിക്കവരും പാടുന്നത്. 'അകറ്റിയേ' തന്റെ സ്നേഹത്താൽ എന്നു പാടുമ്പോഴാണ് അർത്ഥമുണ്ടാകുന്നത്.

പിന്നെ നമ്മുടെ പാട്ടുകൾ മിക്കവാറും 'കൂട്ടത്തിലെ' ആകുന്നതുകൊണ്ട് അതാരും ഗൗനിക്കാറില്ല. പരസ്യയോഗത്തിൽ എല്ലാവരും ചേർന്ന് 'വാഴ്‌വിൻ നാളെല്ലാം വിൺനാളായ്' എന്നു പാടി. എന്താണിവിടെ ഉദ്ദേശിക്കുന്നത് അറിഞ്ഞുകൂടാ! 'വീൺ' നാളായ് എന്നു പാടുമ്പോഴാണ് ശരിയാകുന്നത്. ജീവിതകാലം മുഴുവൻ 'വീണായി'(പാഴായി)പ്പോവുകയാണെന്നാണ് എഴുതിയ വ്യക്തി ഉദ്ദേശിക്കുന്നത്.

സ്പീഡിൽ പാടുന്ന പാട്ടുകൾ പാടിപ്പാടി 'കൃത്രിമ' ഉണർവു (അത് ഉണർവ്വാണോ?) സൃഷ്ടിക്കുന്നവരോട് ഇതൊന്നും പറഞ്ഞിട്ടു കാര്യമില്ല. എന്തുകൊണ്ടാണു നമ്മൾ സാവധാനം പാടുന്ന പാട്ടുകൾ പാടി 'ആത്മാവില്ലാ'കാത്തതെന്ന് ചോദിക്കുവാൻ തോന്നുന്നു. ഇത് അതിരുങ്കൽ സഭയിലെ ഒരു പ്രസംഗവേളയിൽ സാന്ദർഭികമായി പരാമർശിച്ചു. പിന്നാലെ പ്രസംഗിച്ച അമേരിക്കക്കാരനുപദേശി, 'നമ്മളേ, പെന്തെക്കോസ്തുകാരാ' എന്ന് എന്നെ ഊന്നിപ്പറഞ്ഞു. 'പെന്തെക്കോസ്തുക്കാർക്ക് സ്പീഡ് ഗാനങ്ങൾ മാത്രമേ പറ്റുകയുള്ളോ' എന്ന് ചോദിക്കാൻ തുനിഞ്ഞെങ്കിലും, പ്രായക്കൂടുതൽ പരിഗണിച്ചു ഞാനങ്ങു കീഴടങ്ങിയേക്കാമെന്ന് കരുതി മിണ്ടിയില്ല. മാത്രമല്ല, ശാമുവേലച്ചായൻ ആളു ഭയങ്കരനുമാണ്, പേടിച്ചേ തീരൂ.

"എന്തതിശയമേ ദൈവത്തിൻ സ്നേഹം" എന്ന മനോഹരഗാനത്തിലെ അവസാനത്തെ ചരണം 'ജീവിതത്തിൽ പല വീഴ്ചകൾ വന്നിട്ടും' എന്നു തുടങ്ങി' തവ സ്നേഹമതുല്യമഹോ!' എന്നാണു പാടേണ്ടത്. ബാക്കിയെല്ലാക്കാര്യങ്ങളും 'അതിശയ'മാണെങ്കിലും, ഒത്തിരി പാകപ്പിഴകൾ വരുന്ന ക്രിസ്തീയ ജീവിതത്തിൽ, കർത്താവ് അവയെല്ലാം ക്ഷമിച്ച് നമ്മെ പരിപാലിക്കുന്നതിൽ അതിശയിക്കുകയല്ല, മറിച്ച് അതുല്ല്യമെന്നു കരുതി അതിനെ പ്രകീർത്തിക്കുകയാണു ഗാനരചയിതാവ്. (അതുപോലെ, 'പാപത്താൻ നിന്നെ ഞാൻ 'കോപിപ്പിച്ചുള്ളൊരു' കാലത്തിലു'മല്ല; 'ഖേദിപ്പിച്ച' കാലത്തിലും ദയവായ്' എന്നതാണു ശരി). നമ്മൾ അതും 'അതിശയമേ' എന്നു പാടുന്നെങ്കിലും, അമ്പലങ്ങളിൽ പോകുന്ന, പ്രായോഗികമായി ഹിന്ദുവായ യേശുദാസ് അതു പാടുന്നതു 'സ്നേഹമതുല്യമഹോ' എന്നാണ്. ശാസ്ത്രീയസംഗീതരീതിയിൽ ആലപിക്കുന്ന 'എന്തതിശയമേ' വ്യത്യസ്തമായ ഒരനുഭവമാണു നല്കുന്നത്. യൂറ്റ്യൂബിൽ അതു കേട്ടു നോക്കുക.

**നീക്കിബാക്കി:** വയലാർ രാമവർമ്മയെഴുതി: "പ്രഭാതം വിടരും പ്രദോഷം വിടരും". ഇതുകേട്ടയുടനെ സംഗീത സംവിധായകൻ ദേവരാജൻ ചോദിച്ചു: "പ്രഭാതം വിടരുമ്പോൾ, പ്രദോഷം കൂമ്പുകയല്ലേ?" ആ വിവരമൊന്നും നമ്മിലധികം പേർക്കുമില്ല. എന്നും "വെള്ളത്തിലെ പൂട്ടു" തന്നെ. അല്ലാതെന്തു പറയാൻ? ദൂതന്മാർ ഇനിയും കാഹളം "മീട്ടട്ടെ"; നമ്മളതു പാടാൻ തയ്യാറാണ്.

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 13

BELIEVERS JOURNAL

PUBLISHED ON 10/07/2015

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Posted at RMS Thiruvalla

Annual Sub.
₹ 150

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

# ആക്രമണങ്ങൾ ആവർത്തിക്കുന്നു
## വിശ്വാസികൾ ആശങ്കയിൽ

● ജെയ്സ് പാണ്ടനാട്

കേരളത്തിലുടനീളം പെന്തെക്കോസ്തർക്കെതിരെയുള്ള ആക്രമണങ്ങൾ വർദ്ധിക്കുന്നതിൽ വിശ്വാസി സമൂഹത്തിന് ആശങ്ക. ആറ്റിങ്ങൽ സംഭവത്തിനുശേഷം വർക്കല, മണമ്പൂർ, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ ആരാധന തടസ്സപ്പെടുത്തുകയും പാസ്റ്റർമാരെ മർദ്ദിക്കുകയും ചെയ്തു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ആസൂത്രിത ആക്രമണങ്ങൾ അഴിച്ചുവിടുന്ന അക്രമിസംഘങ്ങളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണമെന്ന ആവശ്യം ശക്തമാവുകയാണ്.

കഴിഞ്ഞ ചില മാസങ്ങളായി തുടർച്ചയായ ആക്രമണങ്ങളാണ് ആരാധനാലയങ്ങൾക്കു നേരെ ഉണ്ടായിട്ടുള്ളത്. തിരുവനന്തപുരം ചെമ്പലിപ്പാട്, തൃക്കരിപ്പൂർ, ചിറ്റൂർ, ചിറയിൻകീഴ്, കുന്നംകുളം, വളാഞ്ചേരി, ആറ്റിങ്ങൽ, വർക്കല, മണമ്പൂർ, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ തുടർച്ചയായി ആരാധനാലയങ്ങൾ ആക്രമിക്കുകയും വാഹനങ്ങൾ കത്തിക്കുകയും ചെയ്തു. പാസ്റ്റർമാരെ ക്രൂരമായി മർദ്ദിച്ച അക്രമികൾ സ്ത്രീകളേയും കുട്ടികളേയും വൃദ്ധജനങ്ങളേയും മർദ്ദിച്ചു. കർത്തൃമേശ മറിച്ചിടുകയും ബൈബിൾ വലിച്ചു കീറുകയും ചെയ്ത സുവിശേഷ വിരോധികൾ ആരാധനാമദ്ധ്യേ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയാണ് ചെയ്തത്.

കഴിഞ്ഞ 300 ദിവസങ്ങൾക്കുള്ളിൽ ഇന്ത്യയിൽ 168 ക്രൈസ്തവ പീഡനങ്ങളാണ് നടന്നത്. അധികാരത്തിന്റെ മത്ത് തലയ്ക്ക് പിടിച്ചവർ മുടിയഴിച്ചിട്ട് ഉറഞ്ഞു തുള്ളുകയാണ്. ആഗ്ര, ഗ്രേറ്റർ നോയിഡ, മുസഫ് നഗർ എന്നിവിടങ്ങളിൽ നടന്ന ക്രൂരമായ ആക്രണങ്ങളിൽ നിരവധി പേർക്ക് പരിക്കേറ്റു. പള്ളികളിൽ ഒറ്റ രാത്രികൊണ്ട് വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചു. ഡൽഹിയിൽ പള്ളിക്കു നേരെ ആക്രമണമുണ്ടായി. കൽക്കട്ടയിൽ വൃദ്ധയായ കന്യാസ്ത്രീയെ മാനഭംഗപ്പെടുത്തി. ഘർവാപസിയുടെയും മതപരിവർത്തനത്തിന്റെയും പേരിൽ ഗ്രാമങ്ങളിൽ സംഘർഷങ്ങൾ അഴിച്ചുവിട്ടു. അക്രമിസംഘം അഴിഞ്ഞാടുമ്പോൾ അധികാരികൾ നോക്കുകുത്തിയാവുകയാണ്. അധികാരത്തിന്റെ തണലിൽ ആയുധമെടുത്ത് പോരിനിറങ്ങുന്നവർ നാടിന്റെ സാമുദായിക സൗഹാർദ്ദം തകർക്കുകയാണ്.

മാറിയ രാഷ്ട്രീയ സാഹചര്യത്തിൽ ന്യൂനപക്ഷങ്ങൾ ആശങ്കയിലാണ്. ന്യൂനപക്ഷങ്ങളുടെ മൗലിക അവകാശങ്ങളെ ചവിട്ടി മെതിക്കുകയും ആരാധനാ സ്വാതന്ത്ര്യത്തെ നിഷേധിക്കുകയും ചെയ്യുന്നു. ഭരണകൂടത്തിന്റെ സാംസ്കാരിക അജണ്ട പൗരവകാശത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കുകയാണ്. അധികാര രാഷ്ട്രീയത്തിന്റെ ചതുരംഗപ്പലകയിൽ നിന്ദ്യവും നീചവും നിർലജ്ജവുമായി കരുക്കൾ നീക്കുന്ന ഇന്ത്യയിലെ കക്ഷിരാഷ്ട്രീയം ജനങ്ങളെ വർഗ്ഗീയമായി ധ്രുവീകരിപ്പിക്കുകയാണ്. ഏകീകൃത സിവിൽകോഡ്, ഗോവധ നിരോധനം, മതപരിവർത്തന നിരോധന നിയമം, ഘർവാപസി, സംസ്കൃതവൽക്കരണം, യോഗ, രാമക്ഷേത്ര നിർമ്മാണം തുടങ്ങിയ രാഷ്ട്രീയ അജണ്ടകൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ആസൂത്രിതമായ നീക്കങ്ങൾ ന്യൂനപക്ഷങ്ങളുടെ ഇടയിൽ ഭയം വിതയ്ക്കുകയാണ്.

മഹാത്മാഗാന്ധിയുടെ വധം, ബാബറിമസ്ജിദ് തകർച്ച, ഗുജറാത്ത് കലാപം, ഒറീസാ കലാപം, മുസഫർ നഗർ സംഘർഷം ഇവ രാജ്യത്തിന്റെ മതേതര ഹൃദയത്തിന് ഏല്പ്പിച്ച ആഘാതം വലുതായിരുന്നു. വീണ്ടും വിദ്വേഷ രാഷ്ട്രീയത്തിന്റെ കലാപ അജണ്ടകളുമായി വർഗ്ഗീയവാദികൾ അരങ്ങത്തെത്തിയിരിക്കുകയാണ്. ഒരു രാഷ്ട്രീയ അജണ്ടയുടെ പ്രായോഗിക രൂപങ്ങളായിരുന്നു ഈ കലാപങ്ങളത്രയും. വ്രണിത വികാരം ഊതിവീർപ്പിച്ച ഒരു ബലൂൺപോലെ ഏത് നിമിഷവും പൊട്ടിത്തെറിക്കും. ഗ്രാമങ്ങൾ കത്തിയമരുമ്പോൾ, ആരാധനാലയങ്ങൾ ആക്രമിക്കപ്പെടുമ്പോൾ, ക്രൂരത ഏറ്റുവാങ്ങിയവർ അഭയാർത്ഥി ക്യാമ്പുകളിൽ കഴിയുമ്പോൾ കൊട്ടിഘോഷിക്കുന്ന വികസന ചർച്ചകൾക്ക് എന്തു പ്രസക്തി. വംശഹത്യയുടെ ചോരക്കറ കഴുകിക്കളയാത്ത ഭരണകൂടത്തിൽനിന്ന് ഇതിൽ കൂടുതലായൊന്നും പ്രതീക്ഷിക്കാനില്ല. വരാനിരിക്കുന്നത് പീഡനത്തിന്റെ ഭീകര നാളുകളായിരിക്കും.

## പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യ അവകാശ സംരക്ഷണ സമ്മേളനം നടത്തി



പി. സി. ഐ. ജനറൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു. ജെയ്സ് പാണ്ടനാട്, ഏബ്രഹാം ഫിലിപ്പോസ്, മോൻസി മാങ്കുളങ്ങര, പാസ്റ്റർ പി.സി. വർഗീസ്, പാസ്റ്റർ രാജു ആനിക്കാട് തുടങ്ങിയവർ സമീപം.

**തിരുവനന്തപുരം:** പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ (പി.സി.ഐ.) ആഭിമുഖ്യത്തിൽ തിരുവനന്തപുരം സെക്രട്ടറിയേറ്റ് പടിക്കൽ അവകാശ സംരക്ഷണ സമ്മേളനം നടത്തി. ശുശ്രൂഷകന്മാരും സഹോദരീ സഹോദരന്മാരും ഉൾപ്പെടെ നിരവധി പേർ പങ്കെടുത്തു. ആരാധനാലയങ്ങൾക്ക് എതിരെയുള്ള ആക്രമണങ്ങൾ അവസാനിപ്പിക്കുക, സുവിശേഷകന്മാർക്ക് നേരെയുള്ള പീഡനങ്ങൾക്ക് അറുതി വരുത്തുക, ആരാധനാ സ്വാതന്ത്ര്യം സംരക്ഷിക്കുക, വിശ്വാസം പ്രചരിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം സംരക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് യോഗം നടത്തിയത്.

ജനറൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ് യോഗം ഉദ്ഘാടനം ചെയ്തു. എം. എൽ. എ. മാരായ പി. സി. വിഷ്ണുനാഥ്, രാജു ഏബ്രഹാം, പാസ്റ്റർമാരായ രാജു ആനിക്കാട്, ജെയ്സ് പാണ്ടനാട്, ജിജി ചാക്കോ, പി. സി. വർഗീസ്, സജി നെടുങ്കണ്ടം, അജി കുളങ്ങര (മീഡിയാ കൺവീനർ), സി. ജി. സാംകുട്ടി തുടങ്ങിയവർ പ്രസംഗിച്ചു. ഏബ്രഹാം ഫീലിപ്പോസ് സ്വാഗതം പറഞ്ഞു. പാസ്റ്റർമാരായ ഇ. പി. അഭിലാഷ്, ഹെൻറി പെരേരെ, പ്രഭാഷ് തുടങ്ങിയവർ പങ്കെടുത്തു. യോഗാനന്തരം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല, പ്രതിപക്ഷ നേതാവ് വി. എസ്. അച്യുതാനന്ദൻ, കെ. പി. സി. സി. പ്രസിഡണ്ട് വി. എം. സുധീരൻ, സി. പി. ഐ.(എം.) സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ, ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ അഡ്വ: വീരാൻകുട്ടി തുടങ്ങിയവർക്ക് മുകളിൽ ഉന്നയിച്ച ആവശ്യങ്ങൾ ഉൾപ്പെടുത്തിയുള്ള നിവേദനങ്ങൾ നൽകി.

## ഒന്നാം റാങ്ക് നേടി



എം. ജി. യൂണിവേഴ്സിറ്റിയിൽ നിന്നും എം. എസ്. സി. മോളിക്കുലർ ബയോളജി ആന്റ് ജനറ്റിക് എഞ്ചിനീയറിംഗിൽ ഒന്നാം റാങ്ക് നേടിയ സിസ്റ്റർ ജൂലിയ തോമസ് കൊച്ചി എസ്. സി. എം. എസ്. കോളജ് ഓഫ് ബയോ സയൻസ് ആന്റ് ബയോ ടെക്നോളജി റിസർച്ച് ആന്റ് ടെക്നോളജി വിദ്യാർത്ഥിനിയാണ്.

കുമ്പനാട് കോഴിമല ആനപാറക്കൽ ശ്രീ. തോമസ് ചെറിയാൻ - സാലി തോമസ് ദമ്പതികളുടെ മകളായ ജൂലിയാ തോമസ് ശാരോൺ ഫെലോഷിപ്പ് ചർച്ച്, അങ്കലേശ്വർ ഗുജറാത്ത് സഭാ വിശ്വാസിയാണ്.

## വിദ്യാഭ്യാസ സഹായ വിതരണം



**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ കേരളാ സ്റ്റേറ്റ് സോദരീസമാജത്തിന്റെ ആഭിമുഖ്യത്തിൽ ജൂൺ 2-ന് വിദ്യാഭ്യാസ സഹായ വിതരണം നടന്നു. ഹെബ്രോൺ പാരിഷ് ഹാളിൽ നടന്ന സമ്മേളനത്തിൽ പാസ്റ്റർ റെജിമോൻ ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല മുഖ്യ സന്ദേശം നല്കി. ഐ.പി.സി. ഹെബ്രോൺ ഡാളസ് സിസ്റ്റേഴ്സ് ഫെലോഷിപ്പ് 65 വിദ്യാർത്ഥികൾക്ക് 2500 രൂപ വീതവും പി.വൈ.പി.എ. യു.എ.ഇ. റീജിയൻ 50 വിദ്യാർത്ഥികൾക്ക് 2000 രൂപ വീതവും മി. വർക്കി എബ്രഹാം കാച്ചാണത്ത് 25 കുട്ടികൾക്ക് 2000 രൂപ വീതവും സ്പോൺസർ ചെയ്തു. കൂടാതെ അന്നേ ദിവസം മറ്റിതര സഹായങ്ങളും നല്കി. അദ്ധ്യയന വർഷാരംഭത്തിൽ ലഭിച്ച സഹായം വളരെ പ്രയോജനകരമാണെന്ന് പല മാതാപിതാക്കളും അഭിപ്രായപ്പെട്ടു. 13 മേഖലകളിൽ നിന്നുമായി 140 വിദ്യാർത്ഥികളെ സഹായിക്കുവാൻ ദൈവകൃപയാൽ സാധിച്ചതിന് സോദരിസമാജത്തിന് അഭിമാനമുണ്ട്. സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ നേതൃത്വം നല്കി.

## സോദരി സമാജം തയ്യൽ പരിശീലന കേന്ദ്രം

**തിരുവനന്തപുരം:** ഐ. പി. സി. കേരള സ്റ്റേറ്റ് സോദരീ സമാജത്തിന്റെ ആഭിമുഖ്യത്തിൽ തയ്യൽ പരിശീലന കേന്ദ്രം ആരംഭിച്ചു. തിരുവനന്തപുരം വെള്ളറട കാക്കതൂക്കിയിൽ ലില്ലി പുഷ്പവതിയുടെ ഭവനത്തിലാണ് തയ്യൽ പരിശീലനകേന്ദ്രം പ്രവർത്തിക്കുന്നത്.

സൗത്ത് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വൈ. റോബർട്ട് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ എസ്. സി. ജ്ഞാനദാസ് അദ്ധ്യക്ഷത വഹിച്ചു. റോസമ്മ ജെയിംസ് സങ്കീർത്തനം വായിച്ചു. ക്രൈസ്തവ വനിതകൾ ദൈവം തരുന്ന നന്മകൾ മറ്റുള്ളവരുടെ ആശ്വാസത്തിനായി ഉപയോഗിക്കുമെന്ന് സന്ദേശത്തിൽ പ്രസിഡന്റ് ഏലിയാമ്മ തോമസ് പ്രസ്താവിച്ചു. സിസ്റ്റർ ലില്ലി റെജി പ്രസ്താവന നടത്തി. ഏലിക്കുട്ടി ദാനിയേൽ, സൂസൻ എം. ചെറിയാൻ എന്നിവർ ആശംസകളറിയിച്ചു. മേഴ്സി ദാനിയേൽ സ്വാഗതവും എൽസി സാമുവേൽ കൃതജ്ഞതയും അറിയിച്ചു. വ്യത്യസ്ത മതവിഭാഗത്തിൽ പെട്ട പത്തു സ്ത്രീകളാണ് തയ്യൽ പഠിക്കുന്നത്. മൂന്ന് തയ്യൽമെഷീനുകളും രണ്ട് അദ്ധ്യാപകരും ഉണ്ട്. സ്റ്റേറ്റ് സോദരീ സമാജത്തിന്റെ ചുമതലയിലാണ് തയ്യൽ പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നത്.

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.